2023
JUNE
15
THURSDAY

Special Issue-e Paper

E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## യുപിഐ ഇനി ഗൾഫ് രാജ്യങ്ങളിലേക്കും; ചർച്ചകൾ പുരോഗമിക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യയുടെ യുപിഐ സംവിധാനം ഗൾഫ് രാജ്യങ്ങളിലേക്കും വ്യാപിക്കാൻ ഒരുങ്ങുന്നു. ഇത് സംബന്ധിച്ച ചർച്ചകൾ നടക്കുകയാണ്. കഴിഞ്ഞ ഏതാനും നാളുകളായി വലിയ കുതിപ്പാണ് ഇന്ത്യയിലെ യുപിഐ ഉപയോഗത്തിൽ ഉണ്ടായിരിക്കുന്നത്. ഭാവിയിൽ റെക്കോർഡ് കുതിപ്പാണ് യുപിഐ അധിഷ്ഠിത വിനിമയങ്ങൾക്കുണ്ടാവുക എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.



ഇന്ത്യയുടെ യുണിഫൈഡ് പേയ്മെന്റ്സ് ഇന്റർഫേസ് സർവീസ് ഗൾഫ് രാജ്യങ്ങളിലും സേവനം നൽകാൻ ഒരുങ്ങുന്നു. ബഹ്റിൻ, സൗദി അറേബ്യ അടക്കമുള്ള രാജ്യങ്ങളിലാണ് യുപിഐ സംവിധാനം ലഭ്യമാക്കാൻ ഒരുങ്ങുന്നത്. ഈ വിഷയത്തിൽ പ്രാഥമിക ചർച്ചകൾ ആരംഭിച്ചു.

ഗൾഫ് രാജ്യങ്ങളിൽ ഉടൻ തന്നെ ഇന്ത്യയുടെ യുപിഐ സംവിധാനം പ്രവർത്തന സജ്ജമാവുമെന്നാണ് റിപ്പോർട്ടുകൾ. നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഇത് സംബന്ധിച്ച് ഗൾഫ് രാജ്യങ്ങളുമായി പ്രാഥമിക ചർച്ചകൾ നടത്തുകയാണ്. പല രാജ്യങ്ങളും ഇന്ത്യയുടെ യുപിഐ സംവിധാനത്തിൽ താല്പര്യം പ്രകടിപ്പിച്ചതായാണ് വിവരം.

ഗൾഫ് രാജ്യങ്ങളുമായി ബന്ധപ്പെട്ട് ബാങ്ക് റ്റു ബാങ്ക് വിനിമയ സംവിധാനം ഒരുക്കാനാണ് ശ്രമം. അതിർത്തി കടന്നുള്ള വിനിമയങ്ങൾ ലളിതമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഇത്. റിസർവ് ബാങ്കും, മറ്റ് രാജ്യങ്ങളുടെ കേന്ദ്ര ബാങ്കുകളും ഇത് സംബന്ധിച്ച ചർച്ചകൾക്ക് നേതൃത്ത്വം നൽകുന്നു.

ഈ വർഷത്തിന്റെ തുടക്കത്തിൽ ഇന്ത്യയും സിംഗപ്പൂരും തങ്ങളുടെ നാഷണൽ പേയ്മെന്റ് സിസ്റ്റം ലിങ്ക് ചെയ്തിരുന്നു. കുറഞ്ഞ ചിലവിൽ, സുരക്ഷിതമായി വാർഷിക തലത്തിലുള്ള 1 ബില്യൺ ഡോളർ വിനിമയങ്ങൾ നടത്തുക എന്ന ലക്ഷ്യത്തിലായിരുന്നു ഇത്.

ഇന്ത്യയുടെ യുപിഐ സ്വീകരിച്ച ആദ്യ രാജ്യം ഭൂട്ടാനാണ്. 2021 വർഷത്തിലായിരുന്നു ഭൂട്ടാനിൽ യുപിഐ സംവിധാനം ഏർപ്പെടുത്തിയത്. തൊട്ടു പിന്നാലെ 2022ൽ നേപ്പാളിലും യുപിഐ നിലവിൽ വന്നു. ബ്രിട്ടനിലും, ഗൾഫ് രാജ്യങ്ങളിലേക്കുമെല്ലാം യുപിഐ സംവിധാനത്തെ എത്തിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

ഈ വർഷത്തിന്റെ തുടക്കത്തിൽ എൻപിസിഐ,10 രാജ്യങ്ങളിലെ ഇന്റർനാഷണൽ മൊബൈൽ നമ്പറുകളുമായി ബന്ധപ്പെട്ടുള്ള NRE/NRO പോലെയുള്ള നോൺ റസിഡന്റ് അക്കൗണ്ടുകൾക്ക് യുപിഐ വിനിമയങ്ങൾക്ക് അനുമതി നൽകിയിരുന്നു. . സിംഗപ്പൂർ, ഓസ്ട്രേലിയ, കാനഡ, ഹോങ്കോങ്, ഒമാൻ, ഖത്തർ, യുഎസ്, സൗദി അറേബ്യ, യുഎഇ, യുകെ എന്നീ രാജ്യങ്ങളുമായി ബന്ധപ്പെട്ട് വിനിമയങ്ങൾ നടത്താനാണ് അനുവാദം നൽകിയത്.

## അന്താരാഷ്ട്ര സാമ്പത്തിക സഹകരണം
# വർധിപ്പിക്കണം



**കൊച്ചി:** കൊച്ചിയിൽ നടന്നു വന്ന് ഇന്ത്യയുടെ ജി 20 അധ്യക്ഷതക്ക് കീഴിലുള്ള മൂന്നാമത് ജി 20 ഫ്രെയിംവർക്ക് പ്രവർത്തക സമിതി സമാപിച്ചു.സ്ഥൂലസാമ്പത്തിക ശാസ്ത്ര രംഗത്തെ ആഗോള പ്രശ്നങ്ങൾ സമിതി യോഗം ചർച്ച ചെയ്തതായും ആഗോള സമ്പദ്‌വ്യവസ്ഥയുടെ ശക്തവും സുസ്ഥിരവും സന്തുലിതവും സമഗ്രവുമായ വളർച്ച ഉറപ്പാക്കുന്നതിന് അന്താരാഷ്ട്ര സാമ്പത്തിക സഹകരണം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും യോഗത്തിന് ശേഷം നടന്ന വാർത്താ സമ്മേളനത്തിൽ മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് ഡോ. വി അനന്ത നാഗേശ്വരൻ പറഞ്ഞു. അന്താരാഷ്ട്ര നാണ്യ നിധി (IMF), ലോകബാങ്ക് തുടങ്ങിയ അന്താരാഷ്ട്ര സംഘടനകൾ മുന്നോട്ട് വച്ച പ്രമേയങ്ങൾ അടിസ്ഥാനമാക്കി സമകാലിക ആഗോള സാമ്പത്തിക വീക്ഷണത്തെക്കുറിച്ച് സമിതിയിൽ വിശദമായ ചർച്ചകൾ നടന്നു. ഗ്ലോബൽ സൗത്ത് നേരിടുന്ന വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അംഗരാജ്യങ്ങളുടെ നയാനുഭവങ്ങളെക്കുറിച്ച് യോജിച്ച ധാരണ വികസിപ്പിക്കാനും ആഗോള സഹകരണം മെച്ചപ്പെടുത്താൻ കഴിയുന്ന മേഖലകൾ തിരിച്ചറിഞ്ഞു പരസ്പര ധാരണ വളർത്താനും ജി20 കരട് റിപ്പോർട്ട് ആഹ്വാനം പ്രകാരമാണ് ചർച്ചകൾ നടന്നത്.രാജ്യങ്ങൾ, നയപരമായ പ്രതികരണങ്ങൾ രൂപീകരിക്കുമ്പോൾ പരിമിതികൾ മറികടന്ന് ഭക്ഷ്യ,ഊർജ്ജ അരക്ഷിതാവസ്ഥ കൈകാര്യം ചെയ്യുന്നതിൽ 'ട്രേഡ് ഓഫുകളുടെ' വിഷയം എഫ്.ഡബ്ല്യു.ജി പരിശോധിക്കുന്നുണ്ടെന്നും ഡോ. വി അനന്ത നാഗേശ്വരൻ പറഞ്ഞു പറഞ്ഞു. പരിവർത്തന പാതകളെ സംബന്ധിച്ചിടത്തോളം, പ്രാഥമികമായും ദീർഘകാലാടിസ്ഥാനത്തിലുള്ള വർദ്ധിച്ച നിക്ഷേപത്തിലൂടെ വളർച്ചയിൽ ഹരിത പരിവർത്തനത്തിന് ചെലുത്താനാകുന്ന നല്ല സ്വാധീനത്തെക്കുറിച്ച് വിശാലമായ ധാരണ രൂപം കൊണ്ടിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.അഞ്ച് സെഷനുകളിലായി നടന്ന രണ്ട് ദിവസത്തെ യോഗത്തിൽ, ഭക്ഷ്യ,ഊർജ്ജ അരക്ഷിതാവസ്ഥയുടെ സ്ഥൂല സാമ്പത്തിക ആഘാതങ്ങൾ, ആഗോള സമ്പദ്‌വ്യവസ്ഥയിൽ അവ ചെലുത്തുന്ന പ്രത്യാഘാതങ്ങൾ, കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന സ്ഥൂല സാമ്പത്തിക അപകടസാധ്യതകൾ വിലയിരുത്തുന്നതിനായി എഫ്.ഡബ്ല്യു.ജി മുന്നോട്ടുവയ്ക്കുന്ന മുൻഗണനാ മേഖലകളെക്കുറിച്ചും പരിവർത്തന പാതകളെ സംബന്ധിച്ചും വിശദമായ ചർച്ചകൾ നടന്നു. ആഗോള സാമ്പത്തിക വീക്ഷണത്തെക്കുറിച്ചും സാമ്പത്തിക ആഗോളവൽക്കരണം, വിഘടനം, സാമ്പത്തിക സ്ഥിരത എന്നിവയുമായി ബന്ധപ്പെട്ട സ്ഥൂല സാമ്പത്തിക അപകടസാധ്യതകളെക്കുറിച്ചും സമിതിയിൽ ചർച്ചകൾ നടന്നു. ജി 20 അംഗരാജ്യങ്ങളിൽ നിന്നും ക്ഷണിക്കപ്പെട്ട രാജ്യങ്ങളിൽ നിന്നും വിവിധ അന്താരാഷ്ട്ര, പ്രാദേശിക സംഘടനകളിൽ നിന്നുമുള്ള 75ലധികം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

## വ്യാപക മഴയ്ക്ക് സാധ്യത

**കൊച്ചി:** കേരളത്തിൽ അടുത്ത അഞ്ചു ദിവസം വ്യാപകമായി ഇടി മിന്നലോടുകൂടിയ മഴ തുടരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്ക് കിഴക്കൻ അറബിക്കടലിനു മുകളിൽ അതിതീവ്രചുഴലിക്കാറ്റായി ബിപോർജോയ് സ്ഥിതിചെയ്യുന്നു. വടക്ക് വടക്ക്കിഴക്ക് ദിശയിൽ സൗരാഷ്ട്ര കച്ച് അതിനോട് ചേർന്നുള്ള പാകിസ്ഥാൻ തീരത്ത് മണ്ഡവി (ഗുജറാത്ത്) ക്കും കറാച്ചിക്കും ഇടയിൽ ജാഖു പോർട്ടിനു സമീപം ഇന്ന് വൈകുന്നേരത്തോടെ പരമാവധി 150 കി.മി വേഗതയിൽ അതിതീവ്രചുഴലിക്കാറ്റായി കരയിൽ പ്രവേശിക്കാൻ സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു.



## സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് കോഴ്സ്

**തിരുവനന്തപുരം:** കീറ്റ്സിന്റെ തിരുവനന്തപുരം, മലയാറ്റൂർ, തലശ്ശേരി കേന്ദ്രങ്ങളിൽ സ്ത്രീകൾക്കായി നടത്തുന്ന വളരെയധികം തൊഴിൽ സാധ്യതയുള്ള ഡിപ്ലോമ ഇൻ മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത പ്ലസ്ടു. ഉയർന്ന പ്രായപരിധി 30 വയസ്. പട്ടികജാതി/പട്ടിക വർഗത്തിലുള്ള വനിതകൾക്ക് കോഴ്സ് സൗജന്യമാണ്. മറ്റ് വിഭാഗത്തിലുള്ള വനിതകൾക്ക് സംസ്ഥാന സർക്കാർ 50 ശതമാനം സ്കോളർഷിപ്പ് നൽകും. അവർക്കുള്ള ഫീസ് 15,000 + ജി.എസ്.ടിയാണ്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റന്റ്സ് കിറ്റ്സ് നൽകും. കൂടുതൽ വിവരങ്ങൾക്ക്: 04712329468, 2339178.

## ക്വട്ടേഷൻ ക്ഷണിച്ചു

**തിരുവനന്തപുരം:** റവന്യൂ വകുപ്പ് മുഖേന പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ വിവിധ വിഭാഗങ്ങളിലെ ആവശ്യങ്ങൾക്ക് അനുസരിച്ച് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ ഉപയോഗപ്പെടുത്തുന്നതിന് ക്വട്ടേഷനുകൾ ക്ഷണിച്ചു. സർക്കാർ ഉത്തരവ് നം. 6/2020/ഐ & പി ആർ ഡി 12/11/2020 തീയതി ഉത്തരവിലെ കാറ്റഗറി ബി സോഷ്യൽ മീഡിയ വിഭാഗത്തിൽ എല്ലാ ഏജൻസികളിൽ നിന്നുമാണ് മുദ്രവെച്ച് സീൽ ചെയ്ത കവറിൽ ക്വട്ടേഷനുകൾ ക്ഷണിച്ചത്. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണമായും ബാധകമായിരിക്കും. ക്രിയേറ്റീവുകൾ മലയാളം, തമിഴ്, കന്നഡ, ഇംഗ്ലീഷ് ഭാഷകളിൽ തയ്യാറാക്കേണ്ടതും ടൈപ്പിംഗ് ഉൾപ്പെടെയുള്ള ജോലികൾ ചെയ്യേണ്ടതുമാണ്.

ക്രിയേറ്റീവ് പോസ്റ്ററുകൾ, ആനിമേഷൻ പോസ്റ്ററുകൾ, ഓഡിയോ പോസ്റ്റ്, വീഡിയോ പോസ്റ്റ്, ആനിമേഷൻ വീഡിയോകൾ, ഷോർട്ട് വീഡിയോകൾ, സ്പോട്ട് വീഡിയോ, പോസ്റ്റർ ട്രോൾ, വീഡിയോ ട്രോൾ തുടങ്ങിയ സോഷ്യൽ മീഡിയ ക്രീയേറ്റീവുകൾ നിർമ്മിച്ച് വകുപ്പിന്റെ അംഗീകാരവും അനുമതിയും വാങ്ങി സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്യുന്നതിന് ഇനം, എണ്ണം തിരിച്ച് തുക ക്വട്ടേഷനിൽ വ്യക്തമാക്കണം. ഇവ ഉൾപ്പെടെയുള്ളവരുടെ നിർമ്മാണത്തിന് ആവശ്യമായ എല്ലാ സാങ്കേതിക ഉപകരണങ്ങളും സാങ്കേതിക വിദഗ്ധരും സ്ഥാപനത്തിന് സ്വന്തമായി ഉണ്ടായിരിക്കണം.

ക്വട്ടേഷൻ നൽകുന്നവർ ടെക്നിക്കൽ, ഫിനാൻഷ്യൽ ക്വാട്ടുകൾ നൽകേണ്ടതാണ്. ടെക്നിക്കൽ പ്രസന്റേഷൻ, ഫിനാൻഷ്യൽ ക്വാട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും ഏജൻസിയെ തെരെഞ്ഞെടുക്കുക. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 17 വൈകീട്ട് 3.00 മണി. ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് ഹാജരുള്ള സേവനദാതാക്കളുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കും. ക്വട്ടേഷൻ നൽകുന്നവർ തങ്ങളുടെ വൈദഗ്ധ്യം തെളിയിക്കുന്നതിനുള്ള പ്രസന്റേഷൻ ജൂൺ 20 രാവിലെ 11.30 മണിക്ക് ലാൻഡ് റവന്യൂ കമ്മിഷണറേറ്റിലെ ടെക്നിക്കൽ കമ്മറ്റിക്കു മുൻപാകെ അവതരിപ്പിക്കണം.



# പന്തളത്തെ മാലിന്യമല ഇനിയില്ല, ഇനി പാർക്ക്

**പന്തളം:** മൂന്നു പതിറ്റാണ്ടോളം പന്തളം നഗരത്തിൻറെ ഹൃദയഭാഗത്തു കൂട്ടിയിട്ടിരുന്ന മാലിന്യം നീക്കം ചെയ്തു ശുചിത്വ ഹരിത പന്തളം പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. പന്തളം ചന്തയ്ക്കു സമീപം മുട്ടാർ നീർച്ചാലിൻറെ കരഭാഗത്തെ മാലിന്യങ്ങളാണ് പ്രത്യേക ദൗത്യത്തിലൂടെ നീക്കിയത്.

ഹരിതകർമ സേനാംഗങ്ങളും ശുചീകരണ തൊഴിലാളികളുമാണ് മാലിന്യനീക്കത്തിൽ മുഖ്യപങ്കു വഹിച്ചത്. നഗരസഭ ആരോഗ്യ വിഭാഗം നേതൃത്വം നൽകി ഏറ്റെടുത്ത പദ്ധതി 59 ദിവസംകൊണ്ടാണ് പൂർത്തീകരിച്ചതെന്നു ചെയർപേഴ്സൺ സുശീല സന്തോഷ് പറഞ്ഞു.

കഴിഞ്ഞ മാർച്ച് 23നാണ് ശുചിത്വ ഹരിത പന്തളം എന്ന പേരിൽ പദ്ധതി ആരംഭിച്ചത്. 62 ഹരിതകർമ സേനാംഗങ്ങൾ, 15 ശുചീകരണ തൊഴിലാളികൾ എന്നിവരാണ് ജോലി നിർവഹിച്ചത്. ദുർഗന്ധം വമിക്കുന്ന മാലിന്യക്കൂന്പാരത്തിലാണ് ഇവർക്കു പണിയെടുക്കേണ്ടി വന്നത്.

ദൗത്യത്തിൻറെ ഭാഗമായി വേർതിരിച്ച മാലിന്യങ്ങളിൽ ക്ലീൻ കേരള കന്പനിക്ക് 12 ടണ്ണും മറ്റൊരു കന്പനിക്ക് 20 ടണ്ണും കൈമാറി.

മുപ്പതുവർഷംകൊണ്ട് മാലിന്യമലയായി മാറിയ സ്ഥലം ശുചിയാക്കിയതിനു പിന്നാലെ ആദ്യഘട്ടത്തിൽത്തന്നെ കുട്ടികൾക്ക് ഇവിടെ പാർക്ക് ഒരുക്കുകയാണ് ലക്ഷ്യം. വർഷങ്ങൾക്കു മുന്പ് മാലിന്യ നിർമാർജന കേന്ദ്രം ആരംഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മുട്ടാർ നീർച്ചാലിൻറെ കരയിലേക്കു മാലിന്യം എത്തിച്ചുതുടങ്ങിയത്. 2000 2005 കാലയളവിൽ പ്ലാൻറ് സ്ഥാപിച്ചെങ്കിലും വൈകാതെ പ്രവർത്തന രഹിതമായി. ഇതോടെ മാലിന്യങ്ങൾ വീണ്ടും കുന്നുകൂടാൻ തുടങ്ങി. പ്രളയകാലത്ത് അടിഞ്ഞുകൂടിയ മാലിന്യങ്ങളും ഇതോടൊപ്പമായി. മാലിന്യം മലയായി മാറിയതോടെ പന്തളത്തിനുതന്നെ ഇത് അപമാനമായി.

കൊച്ചിയിലെ ബ്രഹ്മപുരത്തു മാലിന്യമലയ്ക്കു തീ പിടിച്ചതാണ് പന്തളത്ത് ഒരു വീണ്ടുവിചാരത്തിനു കാരണമായത്. മാർച്ച് 13ന് ചന്തയുടെ പടിഞ്ഞാറുഭാഗത്തു മാലിന്യത്തിനു തീ പിടിച്ചതോടെ ആശങ്ക ഏറി. കിഴക്കു ഭാഗത്തേക്കു തീ പടർന്നാൽ വലിയ ഒരു ദുരന്തമായി ഇതു മാറാനിടയുണ്ടെന്ന് അഗ്നിശമന സേനയും മുന്നറിയിപ്പ് നൽകി. തുടർന്നാണ് നടപടി വേഗത്തിലായത്. ഉന്നതതലത്തിൽ ചർച്ച നടന്നതോടെ മാലിന്യങ്ങൾ നീക്കാനുള്ള കർമപദ്ധതി വേഗത്തിൽ തയാറാക്കി. പന്തളം നഗരസഭ ചെയർപേഴ്സൺ സുശീല സന്തോഷും ക്ലീൻ സിറ്റി മാനേജർ എൽ.സലിം എന്നിവരുടെ നേതൃത്വത്തിൽ വവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചു.

ശുചിത്വ ഹരിത പന്തളം പദ്ധതിയിൽ മാലിന്യ സംസ്കരണ പ്ലാൻറ് തുറന്നു. തുന്പൂർമൂഴി, വിൻഡ്രോ കംപോസ്റ്റ് പ്ലാൻറ്, ബയോഗ്യാസ് പ്ലാൻറ്, ഗാർഹികതലത്തിൽ സംസ്കരണത്തിനായി ബയോ കംപോസ്റ്റ് ബിൻ, റിംഗ് കംപോസ്റ്റ് എന്നിവയാണ് നടപ്പാക്കുന്നത്.

പദ്ധതിയുടെ രണ്ടാംഘട്ടവും മാലിന്യ സംസ്കരണ പ്ലാൻറും ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു.

പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റിൻറെ ഉദ്ഘാടനം ജില്ല കളക്ടർ ദിവ്യ എസ്. അയ്യർ നിർവഹിച്ചു. നഗര സഭ ചെയർപേഴ്സൺ സുശീല സന്തോഷ് അധ്യക്ഷത വഹിച്ചു.ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഓമല്ലൂർ ശങ്കരൻ, വൈസ് ചെയർ പേഴ്സൺ യു. രമ്യ, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ രാധാകൃഷ്ണൻ ഉണ്ണിത്താൻ, ബെന്നി മാത്യു, കെ. സീന, രാധ വിജയകുമാർ, ആസൂത്രണ സമിതി ഉപാധ്യക്ഷൻ പന്തളം പ്രതാപൻ, കൗൺസിലർമാർ തുടങ്ങിയവർ പ്രസംഗിച്ചു.

# മത്സ്യവിത്തുകൾ നിക്ഷേപിച്ചു

**കോട്ടയം:** കോട്ടയം ജില്ലാപഞ്ചായത്ത് 2023 24 വാർഷിക പദ്ധതിയായ പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം പദ്ധതിയിൽ മത്സ്യവിത്തുകൾ നിക്ഷേപിച്ചു.

ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ കുമരകം ചന്തക്കടവ്, നാലുപങ്ക് ബോട്ട് ടെർമിനൽ എന്നിവിടങ്ങളിൽ കാർപ്പ്, കരിമീൻ, ആറ്റുകൊഞ്ച് മത്സ്യവിത്തുകളാണ് നിക്ഷേപിച്ചത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു പദ്ധതി ഉദ്ഘാടനം ചെയ്തു. കുമരകം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.കെ. ജോഷി അധ്യക്ഷത വഹിച്ചു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ബെന്നി വില്യം, ഗ്രാമപഞ്ചായത്ത് വികസന സ്ഥിരം സമിതി അധ്യക്ഷൻ പി.ഐ. ഏബ്രഹാം, ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ജാസ്മിൻ കെ. ജോസ്, ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമബോർഡിൽ വിവിധ വിദ്യാഭ്യാസ ആനുകൂല്യത്തിന് അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി പഠന സഹായത്തിനുള്ള അപേക്ഷ ഓഗസ്റ്റ് 1 വരെ നൽകാം. ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പുകൾക്ക് ഓരോ വർഷത്തെയും ക്ലാസ് തുടങ്ങി 45 ദിവസത്തിനുള്ളിൽ നിർദിഷ്ഠ ഫോമിൽ സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം ഉൾപ്പെടെ അപേക്ഷിക്കണം. എസ്.എസ്.എൽ.സി ക്യാഷ് അവാർഡിനുള്ള അപേക്ഷ ഓഗസ്റ്റ് 31 വരെ സ്വീകരിക്കും. എല്ലാ കോഴ്സുകൾക്കുമുള്ള അപേക്ഷാഫോം ജില്ലാ ഓഫീസിൽ നിന്ന് സൗജന്യമായി ലഭിക്കും.

## എൻ.സി.സി ക്വാട്ട അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** 202324 ലെ ബി.എസ്.സി നഴ്സിങ് ആൻഡ് പാരാമെഡിക്കൽ കോഴ്സുകളിലേക്ക് (എൻ.സി.സി ക്വാട്ട) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ജൂലൈ 3ന് വൈകിട്ട് അഞ്ചുവരെ അതതു യൂണിറ്റുകളിൽ സ്വീകരിക്കും. യോഗ്യതയുള്ള എൻ.സി.സി കേഡറ്റുകൾ അപേക്ഷയുടെ പകർപ്പും സാക്ഷ്യപ്പെടുത്തിയ എല്ലാ എൻ.സി.സി സർട്ടിഫിക്കറ്റുകളുടെ പകർപ്പും യൂണിറ്റുകളിൽ സമർപ്പിക്കണം.

## ബാർട്ടൺ ഹിൽ കോളജിൽ ഒഴിവ്

**തിരുവനന്തപുരം:** ബാർട്ടൺ ഹിൽ സർക്കാർ എൻജിനീയറിങ് കോളജിലെ പി.ടി.എ, സി.സി.ഇ വിഭാഗങ്ങളിൽ ക്ലർക്ക് കം അക്കൗണ്ടന്റ്, ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ കം സാനിട്ടറി വർക്കർ, വാച്ച്മാൻ താത്കാലിക തസ്തികകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ഒഴിവുണ്ട്. ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി 19ന് രാവിലെ 10 മണിക്ക് ഇന്റർവ്യൂവിന് കോളജിലെത്തണം. ഫോൺ: 0471 2300484.

## വിദ്യാഭ്യാസ ധനസഹായം

**കോട്ടയം:** കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ കുട്ടികളിൽ 20222023 അദ്ധ്യയനവർഷത്തിൽ എസ്.എസ്.എൽസി./ടി.എച്ച്.എസ്.എൽ.സി /പ്ലസ് ടു/വി.എച്ച്.എസ്.ഇ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയവർക്ക് ധനസഹായം നൽകാൻ അപേക്ഷ ക്ഷണിച്ചു. എസ്.എസ്.എൽ.സി./ ടി.എച്ച്.എസ്.എൽ.സി. പരീക്ഷയിൽ 80 ശതമാനവും പ്ലസ്ടു/ വി.എച്ച്.എസ്.ഇ. പരീക്ഷയിൽ 90 ശതമാനവും മാർക്ക് നേടിയവർക്ക് അപേക്ഷിക്കാം. എസ്.സി/എസ്.ടി വിഭാഗത്തിന് മാർക്ക് മാനദണ്ഡത്തിൽ അഞ്ച് ശതമാനം ഇളവുണ്ട്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ പഠിച്ച് ആദ്യ അവസരത്തിൽ വിജയിച്ചവരാകണം. പരീക്ഷാ തീയതിക്ക് തൊട്ട് മുൻപുള്ള മാസം അംഗം 12 മാസക്കാലത്തെ അംഗത്വം പൂർത്തികരിക്കണം. അംഗത്തിന് 24 മാസത്തിൽ കൂടുതൽ കുടിശിക ഉണ്ടായിരിക്കരുത്. അപേക്ഷകൾ ജൂലൈ 20 ന് വൈകിട്ട് അഞ്ചിനകം ജില്ലാ ഓഫീസിൽ നൽകണം. അപ്പീൽ അപേക്ഷകൾ ജൂലൈ 31 വരെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ സ്വീകരിക്കും. അപേക്ഷാഫോം www.agri-workersfund.org എന്ന വെബ്സൈറ്റിൽ ലഭിക്കും.



# വിരിപ്പുകൃഷിയുമായി കർഷകർ; വില നൽകാതെ സർക്കാർ

കുമരകം: പുഞ്ചക്കൃഷിയുടെ നെല്ലിൻറെ വില മാസങ്ങൾ മൂന്നു കഴിഞ്ഞിട്ടും കിട്ടിയില്ലെങ്കിലും വിരിപ്പു കൃഷിയിറക്കാനുള്ള മുന്നൊരുക്കത്തിലാണ് കർഷകർ. ഈ മാസം പകുതിമുതൽ വിത ആരംഭിക്കണമെന്നാണ് കർഷകരുടെ തീരുമാനം. നിലം ഒരുക്കുന്നതിനും വിത്തു വാങ്ങാനും ഒക്കെ കിട്ടുന്നിടത്തുനിന്നൊക്കെ കടം വാങ്ങുകയാണ്.

കെട്ടുതാലി പോലും കഴിഞ്ഞ കൃഷിക്കായി പണയം വച്ച കർഷകർക്ക് അത് തിരിച്ചെടുക്കാനായിട്ടില്ല. ബാങ്കിൽ നിന്നെടുത്ത കൃഷി വായ്പയും തിരിച്ചടയ്ക്കാനാകാത്തതിനാൽ പലിശ സബ്സിഡിയും നഷ്ടമാകും. തന്നെയുമല്ല ഈ കൃഷിക്കായി ബാങ്കിൽനിന്നു ലോൺ ലഭിക്കുകയുമില്ല.

തമിഴ്നാട്ടുകാരായ ബ്ലേഡു മാഫിയയുടെ കൈയിൽ നിന്നും പണം വാങ്ങിയാണ് ഒട്ടുമിക്ക കർഷകരും പ്രാരംഭ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നത്.

കൊയ്ത്ത് കഴിഞ്ഞ് വെള്ളം കയറ്റി നിലം ഉഴുതുമറിച്ച് നിരപ്പാക്കി കളനാശിനി പ്രയോഗിച്ച് കള നശിപ്പിക്കുന്നതിനൊപ്പം വെള്ളം കയറ്റി കള ചീയിച്ചു കളയുകയാണ് കർഷകർ ഇപ്പോൾ ചെയ്യുന്നത്. ഇതിനൊപ്പം വരമ്പ് പുനർനിർമിക്കുകയും ചാലുകൾ കീറി വെള്ളം ഒഴുക്കിക്കളയാൻ പാകപ്പെടുത്തുകയും ചെയ്യുന്നു. കർഷകരിൽ ഭൂരിഭാഗവും എൻ എസ്സിയുടെ വിത്ത് വാങ്ങിയാണ് വിതയ്ക്കുന്നത്.

നെല്ലിന് 28 രൂപയേ കിലോയ്ക്ക് വിലയുള്ളൂവെങ്കിലും വിത്തിനു 42.50 രൂപ നൽകണം. പരമ്പരാഗത ജോലിയായ കൃഷി ഉപേക്ഷിക്കാൻ മടിക്കുന്നതിനാലാണ് കടം വാങ്ങിയാണെങ്കിലും വീണ്ടും കൃഷി ഇറക്കുന്നതെന്നാണ് കർഷകർ പറയുന്നത്.

# മഴയെത്തി; പച്ചക്കറി വില വർധിപ്പിച്ചു



**കോഴിക്കോട്:** കാലാവസ്ഥ മാറിയതോടെ മലയാളികളുടെ അടുക്കള ബജറ്റും താളം തെറ്റി തുടങ്ങി. മഴക്കാലത്ത് പച്ചക്കറി വില വർധനവ് പതിവാണെങ്കിലും ഇത്തവണ മഴ ആരംഭിച്ചപ്പോൾ തന്നെ പച്ചക്കറി വില ഉയർന്ന് തുടങ്ങിയിട്ടുണ്ട്.

പച്ചമുളക് മുതൽ തക്കാളി വരെ സർവ സാധനങ്ങൾക്കും വില കുതിച്ചു കയറിയിരിക്കുകയാണ്. സ്കൂൾ തുറന്നതോടെ ഉച്ചഭക്ഷണ പൊതി തയാറാക്കാനും പച്ചക്കറി വേണമെന്നായതോടെ വീട്ടമ്മമാർ പ്രതിസന്ധിയിലായിരിക്കുകയാണ്. വിലകൂടിയവയിൽ പ്രധാനി ഇഞ്ചിയും വെളുത്തുള്ളിയുമാണ്. ഇവയുടെ വില നൂറ് കടന്നു.

എന്നാൽ മഴകൂടിയതോടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് പച്ചക്കറിയുമായി എത്തുന്ന ലോഡ് കുറഞ്ഞിട്ടുണ്ട്. അതിനാൽ മാർക്കറ്റിൽ ഇവയൊന്നും കിട്ടാനില്ലെന്ന് വ്യാപാരികൾ പറയുന്നു. മത്തനും മുരിങ്ങയും പച്ചമുളകും ബീൻസും കാരറ്റുമെല്ലാം ഒപ്പത്തിനൊപ്പം എത്തുന്നുമുണ്ട്.

ഹോൾസെയിൽ കടകളിൽ തക്കാളി 29 രൂപ മുതലാണ് വിൽപന. ഇത് കടകളലേക്കെത്തുമ്പോൾ 30 കടക്കും. കഴിഞ്ഞ ആഴ്ചവരെ 15നും 20 നും ഇടയിലായിരുന്നു തക്കാളിയുടെ വില.ഇഞ്ചി ഹോൾസെയിലായി വാങ്ങുമ്പോൾ 120 ആണെങ്കിൽ കടകളിൽ 150 രൂപയ്ക്കാണ് വിൽപന. വെളുത്തുള്ളി ഹോൾസെയിലായി 80 ഉം കടകളിൽ 100 മാണ് വില.

മത്തന് 150 രൂപയാണ് വില. സവാളയുടെ വില കഴിഞ്ഞ ദിവസങ്ങളിൽ 15 ആയിരുന്നെങ്കിൽ ഇപ്പോൾ 20 കടന്നു. ഉരുളക്കിഴങ്ങ് ഹോൾസെയിലായി 20 ഉം കടകളിൽ 30 ഉം ആണ് വില. പച്ചമുളക് കഴിഞ്ഞ ആഴ്ച്ച വരെ 40 ആയിരുന്നെങ്കിൽ ഈ ആഴ്ച്ച വില 75ന് മുകളിൽ ആണ്.

അതുപോലെ തന്നെ ചെറിയ ഉള്ളി 60 ൽ നിന്ന് 70 ആയും ബീറ്റ്റൂട്ട് 35 ൽ നിന്ന് 50 ആയും വെണ്ടക്ക 30 ൽ നിന്ന് 40 ആയും കാരറ്റ് 25ൽ നിന്ന് 64 ലേക്കും വഴുതിന 35 ൽ നിന്ന് 40 ആയും കാബേജ് 14 ൽനിന്ന് 20 ആയും പയർ 25 ൽ നിന്ന് 30 ആയും ബീൻസ് 50 ൽ നിന്ന് 75 ആയും ഉയർന്നിട്ടുണ്ട്.

മഴ നനയുന്നതിനാൽ പച്ചക്കറികൾ പെട്ടന്ന് കേട് വരുന്ന സ്ഥിതിയാണ്. മഴ നനഞ്ഞ് ആളുകൾ സാധനം വാങ്ങാനെത്താത്ത സാഹചര്യമാണ്. അതിനാൽ അധിക ദിവസം വിൽപ്പന നടത്താൻ കഴിയില്ലെന്നും പാളയം കച്ചവടം പകുതിയായി കുറഞ്ഞെന്നും വ്യാപാരികൾ പറയുന്നു.

# ആസാം, ത്രിപുര സംസ്ഥാനങ്ങളിൽ റബർ കൃഷി വ്യാപിപ്പിച്ച് റബർ ബോർഡ്

**വടക്കഞ്ചേരി:** ആസാം, ത്രിപുര, മേഘാലയ, പശ്ചിമ ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ റബർ കൃഷി വ്യാപിപ്പിക്കാൻ റബർ ബോർഡ് പദ്ധതികൾ നടപ്പിലാക്കുന്പോൾ കേരളത്തിലെ കർഷകർ വലിയ ആശങ്കയിലാണ്. റബർ കൃഷി കൂടുതൽ പ്രദേശങ്ങളിൽ വ്യാപകമായി ഉല്പാദനം കൂടി ആവശ്യം കുറഞ്ഞ് വില വളരെ താഴ്ന്ന നിലയിൽ തുടരുമോ എന്ന ആശങ്കയാണ് കർഷകർക്കുള്ളത്.

കപ്പ് തൈകളും സ്റ്റന്പുമായി ലക്ഷകണക്കിന് തൈകളാണ് ഓരോ വർഷവും കേരളത്തിലെ റബർ നഴ്സറികളിൽ നിന്നും ആസാം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലേക്ക് കയറ്റി പോകുന്നതെന്ന് റബർ തൈ കയറ്റി അയക്കുന്ന മുടപ്പല്ലൂർ ദേവമാതാ നഴ്സറി ഉടമ കുഞ്ഞുമോൻ പറഞ്ഞു. ആസാമിലെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ആർആർഐഐ 600 ഇനത്തിനാണ് കൂടുതൽ ഓർഡർ ഉള്ളത്. അന്യസംസ്ഥാനങ്ങളിലേക്ക് കയറ്റുമതി കൂടിയതോടെ ഇവിടെ റബർ തൈക്ക് ക്ഷാമമുണ്ട്. വിലയും കൂടിയിരിക്കുകയാണ്. 70 രൂപയായിരുന്ന കൂടതൈയ്ക്ക് ഇപ്പോൾ 100 രൂപയായി. ഓഗസ്റ്റ് മാസം വരെ മറ്റു സംസ്ഥാനങ്ങളിലേക്ക് ഓർഡറുണ്ടെന്നും കുഞ്ഞുമോൻ പറഞ്ഞു.

റബറിൻറെ ഭാവി ശോഭനമല്ലെന്ന് കണ്ട് മറ്റു വിളകളിലേക്ക് ചുവടുമാറുന്ന കർഷകർ കൂടി വരികയാണ്. ഏഴോ എട്ടോ വർഷം കൊണ്ട് വലിയ മരമായി മുറിച്ച് വില്ക്കാൻ കഴിയുന്ന മലവേപ്പ് ഉൾപ്പെടെ വച്ചുപിടിപ്പിക്കുന്ന കർഷകരും കുറവല്ല. പ്ലൈവുഡ് നിർമാണത്തിനാണ് ഈ മരം ഉപയോഗിക്കുന്നത്. റബർ കൃഷി വ്യാപിപ്പിച്ച് റബർ ഉല്പാദനം ഇരട്ടിയാക്കാനാണ് റബർ ബോർഡിൻറെ പദ്ധതിയുള്ളത്. ഏഴു വർഷം നീളുന്ന പദ്ധതിയാണ് ഇതിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഓരോ വർഷവും 10 ലക്ഷം റബർ തൈകളെങ്കിലും അധികമായി പ്ലാൻറ് ചെയ്ത് മറ്റു



സംസ്ഥാനങ്ങളിൽ റബർ കൃഷി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.

കൊങ്കൺ, ബെല്ലാരി മേഖലയിലും റബർ കൃഷി വ്യാപന പദ്ധതികളുണ്ട്. നിലവിൽ ആറര ലക്ഷം ടൺ ആണ് ഇന്ത്യയിൽ റബർ ഉത്പാദനം. ഇത് 2030ഓടെ 15 ലക്ഷം ടണ്ണാക്കി ഉയർത്തി ഇറക്കുമതി കുറയ്ക്കുകയാണ് റബർ കൃഷി വ്യാപനത്തിലൂടെ ഉദ്ദേശിക്കുന്നതെന്ന് പറയുന്നു. 11 ലക്ഷം ടൺ റബറാണ് ഇന്ത്യയിൽ പ്രതിവർഷം ആവശ്യമായി വരുന്നത്.

ഇതിൽ ഏഴര ലക്ഷം ടൺ റബറാണ് ഇപ്പോഴത്തെ ഉത്പാദനം. ആവശ്യമായി വരുന്ന ബാക്കി റബർ ഇറക്കുമതി ചെയ്താണ് ഡിമാൻറ് തുലനം ചെയ്തു പോകുന്നത്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കേന്ദ്രസർക്കാരും റബർ ഉൽപ്പാദനത്തിനായി കൂടുതൽ ഫണ്ട് അനുവദിക്കുന്ന സ്ഥിതിയുമുണ്ട്. കേരളത്തിലെ ഭൂവിലതോത് പരിഗണിക്കുന്പോൾ റബർ ഉത്പാദനം ലാഭകരമല്ല എന്ന കണ്ടെത്തലുകളാണുള്ളത്.

ഭൂമിവില അത്രയും ഉയർന്നതാണ് കേരളത്തിലേത്. വിലകൂടിയ ഭൂമി വാങ്ങി അതിൽ റബർ പ്ലാൻറ് ചെയ്ത് എത്ര വരുമാനം കിട്ടിയാലും അത് ലാഭകരമാകും എന്ന് പ്രതീക്ഷിക്കാനുമാകില്ല. കേരളത്തിലെ റബർ ഉല്പാദന ചെലവ് വളരെ ഉയർന്നതാണ്. തോട്ടം പരിചരണം ടാപ്പിംഗ് എല്ലാം ചെലവേറിയതായി. പരിചരണ ചെലവ് കൂടിയതോടെ ഹെക്ടർ കണക്കിന് പ്രദേശത്തെ റബർ തോട്ടങ്ങൾ പരിചരണമോ, ടാപ്പിംഗോ ഇല്ലാതെ അവഗണിക്കപ്പെട്ടു കിടക്കുന്നുണ്ടെന്നാണ് കണക്കുകൾ.

എന്നാൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഉല്പാദനക്ഷമത കൂടി നിൽക്കുന്നതിനാലാണ് കേരളത്തിൽ റബർ കൃഷി പിടിച്ചുനില്ക്കുന്നത്. റബർ കൃഷി വ്യാപന പദ്ധതികൾ വഴി ഏതാനും വർഷങ്ങളായി വലിയ നഷ്ടത്തിലായിരുന്ന റബർ നഴ്സറികൾക്കെല്ലാം ഇത് വരുമാന കാലമാണ്.

# അർഹരായ എല്ലാവർക്കും രേഖകൾ; ലക്ഷ്യത്തിലേക്ക് അതിവേഗ മുന്നേറ്റം: മന്ത്രി കെ. രാജൻ

**കൽപ്പറ്റ:** സംസ്ഥാനത്ത് അർഹരായ എല്ലാവർക്കും ഭൂമി എല്ലാവർക്കും ഭൂരേഖകൾ എന്ന ലക്ഷ്യം അതിവേഗത്തിൽ മുന്നേറുകയാണെന്ന് റവന്യൂ ഭവന നിർമാണ മന്ത്രി കെ. രാജൻ പറഞ്ഞു. കൽപ്പറ്റ സേക്രഡ് ഹാർട്ട് ചർച്ച് ജൂബിലി ഹാളിൽ രണ്ടാംഘട്ട പട്ടയവിതരണം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ രണ്ടുവർഷം പിന്നിടുന്പോൾ കേരളത്തിൽ ഒന്നേകാൽ ലക്ഷം പട്ടയങ്ങളാണ് വിതരണം ചെയ്തത്. സ്വന്തം ഭൂമിക്ക് കാലങ്ങളായി രേഖകളില്ലാതെ ദുരിതം അനുഭവിച്ചവരുടെ മുഖത്ത് ഇന്ന് സന്തോഷത്തിൻറെ ചിരി വിടരുന്നു.



വയനാട്ടിൽ മാത്രം 3984 പട്ടയങ്ങൾ വിതരണം ചെയ്യാനായത് ചെറിയ കാര്യമല്ല. മുത്തങ്ങ സമരത്തിൽ പങ്കെടുത്തവർക്കുള്ള ഭൂമിവിതരണം, പാരിസൺസ്, ചീങ്ങേരി, വുഡ്ലാൻഡ് എന്നിങ്ങനെയുള്ള കാലങ്ങളായി നിലനിൽക്കുന്ന പട്ടയപ്രശ്നങ്ങളുടെ പരിഹാരം എന്നിവയെല്ലാം അഭിമാന നേട്ടമാണ്.

ഭൂരഹിതരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുകയെന്നതും സർക്കാരിൻറെ പ്രതിജ്ഞാബദ്ധമായ നിലപാടാണ്. അർഹരായവർക്ക് ഭൂമി കണ്ടെത്തിക്കൊടുക്കുക എന്നതിന് പുറമേ അനർഹമായി ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും ഭൂമി തിരിച്ചെടുക്കുകയെന്നതും സർക്കാരിൻറെ ലക്ഷ്യമാണ്.

റവന്യൂ വകുപ്പ് സേവനങ്ങൾ ഏറ്റവും ലളിതവും വേഗത്തിലുമാക്കുന്നതിനായി രൂപീകരിക്കപ്പെട്ട വില്ലേജ്തല ജനകീയ സമിതികൾ ശാക്തീകരിക്കുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ പറഞ്ഞു. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളും ജനകീയ സമിതിയെ പൊതുജനങ്ങൾക്ക് അറിയിക്കാം.

വില്ലേജ് ഓഫീസിൻറെ പ്രവർത്തനങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ഇക്കാര്യങ്ങളും ജനകീയ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താം. സംസ്ഥാനത്ത് വില്ലേജ് ഓഫീസ് മുതൽ സെക്രട്ടറിയേറ്റ് വരെയുള്ള ഓഫീസുകൾ നവംബർ ഒന്നുമുതൽ സാങ്കേതികമായി ബന്ധിപ്പിക്കുകയാണ്. സന്പൂർണമായി ഡിജിറ്റിൽ ശൃംഖല വഴി ഒന്നിപ്പിക്കുന്നത് വഴി സേവനങ്ങൾക്കായുള്ള ജനങ്ങളുടെ കാത്തിരിപ്പ് അവസാനിക്കും.

കേരളം മുഴുവൻ ഡിജിറ്റലായി അളക്കുന്നതിനുള്ള ഡിജിറ്റൽ സർവേ സംസ്ഥാനത്ത് പുരോഗമിക്കുകയാണ്. കേരളത്തിൻറെ ഏറ്റവും വലിയ മുന്നേറ്റമായി ഈ സർവേ മാറും. ഓരോരുത്തരുടെയും ഭൂമിയുടെ രേഖകൾ ഡിജിറ്റലാവുന്നതോടെ ഭൂമിയുടെ ഉടമസ്ഥാവകാശവും കൈമാറ്റവുമെല്ലാം സുതാര്യമാകും.

ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും പൊതുജനങ്ങളുടെയുമെല്ലാം കൂട്ടായ പരിശ്രമമാണ് റവന്യൂ വകുപ്പിൻറെ ദൗത്യങ്ങൾ കൃത്യമായി മുന്നേറുന്നതിന് വഴികാട്ടിയാവുന്നതെന്ന് മന്ത്രി പറഞ്ഞു.

സബ്കളക്ടറുടെ പുതിയ ക്യാന്പ് ഓഫീസ്, കളക്ടറേറ്റ് ഐപി ബേസ്ഡ് ഇൻറർകോം, ലാൻഡ് നെറ്റ് വർക്ക്, ടി. സിദ്ദിഖ് എംഎൽഎ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും വില്ലേജ് ഓഫീസുകൾക്ക് അനുവദിച്ച ഇലക്ട്രോണിക് ഉപകരണങ്ങളുടെ വിതരണം, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ ഹൈബ്രിഡ് വിഡിയോ കോൺഫറൻസിംഗ് സിസ്റ്റം എന്നിവയുടെ ഉദ്ഘാടനം ചടങ്ങിൽ മന്ത്രി കെ. രാജൻ നിർവഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് സംഷാദ് മരക്കാർ, ജില്ലാ കളക്ടർ ഡോ. രേണുരാജ്, കൽപ്പറ്റ നഗരസഭാ ചെയർമാൻ മുജീബ് കേയംതൊടി, ഡിവിഷൻ കൗൺസിലർ ടി. മണി, എഡിഎം എൻ.ഐ. ഷാജു, സബ്കളക്ടർ ആർ. ശ്രീലക്ഷ്മി, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, ജീവനക്കാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# നാളികേരം മുളച്ചു നശിക്കുന്നു; കൈമലർത്തി സർക്കാർ

**വടക്കഞ്ചേരി:** ഉല്പാദനം കൂടിയപ്പോൾ നാളികേര കർഷകരെ കൈവിട്ട് സംസ്ഥാന സർക്കാരും തമിഴ്നാട്ടിലെ കച്ചവടക്കാരും. നാളികേരമെടുക്കാൻ ആളില്ലാതായതോടെ കർഷകരുടെ വീട്ടുപറമ്പിൽ തേങ്ങ മുളച്ച് നശിക്കുകയാണ്.സംസ്ഥാനത്ത് സംഭരണം താറുമാറായതിന് പുറമേ തമിഴ്നാട്ടിലേക്ക് നാളികേരം കയറ്റിപ്പോകാത്തതും വലിയ തിരിച്ചടിയായി. മുൻവർഷങ്ങളിൽ മഴക്കാലത്തിന് മുമ്പ് കുറഞ്ഞ വിലയ്ക്കാണെങ്കിലും ജില്ലയിലെ നാളികേരം തമിഴ്നാട്ടിലെ കാങ്കയത്തേക്ക് കയറ്റിപ്പോയിരുന്നു.



തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിൽ ഉല്പാദനം കൂടിയതിനാലാണ് കേരളത്തിലെ നാളികേരത്തിന് ഡിമാൻഡ് കുറയാൻ കാരണം.സംസ്ഥാന സർക്കാരോ കൃഷി വകുപ്പോ കർഷകരുടെ രക്ഷയ്ക്കില്ല. കിലോയ്ക്ക് 32 രൂപയാണ് സർക്കാർ പ്രഖ്യാപിച്ച തറവില.

എന്നാൽ കർഷകരിൽ നിന്ന് മില്ലുകാർ വല്ലപ്പോഴും നാളികേരമെടുക്കുന്നത് 18 19 രൂപയ്ക്കാണ്. ഇത് കൂലിക്കാശിന് പോലും തികയില്ല.പാളിയ സംഭരണവും മാനദണ്ഡവുംകൊട്ടിഘോഷിച്ച് കഴിഞ്ഞ ജൂണിലാണ് സർക്കാർ കേരഫെഡ് വഴി പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്. നാളികേരം സംഭരിച്ച വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾക്ക് കൈകാര്യ ചെലവ് ലഭിക്കാതായതോടെ മാസങ്ങൾക്കുള്ളിൽ സംഭരണം നിലച്ചു. ഒരു തെങ്ങിൽ നിന്ന് വർഷത്തിൽ 50 നാളികേരം മാത്രമാണ് തറ വിലയായ 32 രൂപയ്ക്ക് എടുത്തിരുന്നത്. ഇതുതന്നെ ആറുതവണയായി നൽകണം. ഒരു തെങ്ങിൽ നിന്ന് വർഷത്തിൽ 200ൽ കൂടുതൽ നാളികേരം വരെ ഉണ്ടാകുമ്പോഴാണ് ഈ വ്യവസ്ഥ.സർക്കാർ ഫണ്ടില്ലജില്ലയിലെ 15 കേന്ദ്രങ്ങളിലായിരുന്നു സംഭരണം.

കർഷകർ നാളികേരം കൊണ്ടുവന്നാൽ അത് തരംതിരിച്ച് ചാക്കിലാക്കുന്നതും ലോറിയിൽ കയറ്റി തൂക്കവും മറ്റു കണക്കുമെല്ലാം കൈകാര്യം ചെയ്യേണ്ടത് സമിതികളാണ്. ഇതിനായി ചുരുങ്ങിയത് രണ്ടുപേരെ നിയോഗിക്കണം. ഇത് അധിക ബാദ്ധ്യതയുണ്ടാക്കി.

## രാജ്യത്തെ നിയമനപ്രക്രിയ സുതാര്യമായി: കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ

**തിരുവനന്തപുരം:** രാജ്യത്തെ നിയമന പ്രക്രിയ സുതാര്യവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായി മാറിയെന്ന് കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കൊവിഡാനന്തര കാലഘട്ടത്തിൽ നൈപുണ്യം തൊഴിൽ മേഖലയ്ക്ക് അത്യന്താപേക്ഷിതമായി മാറിയെന്നും അദ്ദേഹം പറഞ്ഞു.

കനറാബാങ്കിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച റോസ്ഗർ മേളയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.105 പേരിൽ തിരഞ്ഞെടുക്കപ്പെട്ട 25 ഉദ്യോഗാർത്ഥികൾക്ക് അദ്ദേഹം നിയമന ഉത്തരവുകൾ കൈമാറി. റോസ്ഗർ മേളയിലൂടെ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികളെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്തത് വേദിയിൽ പ്രദർശിപ്പിച്ചു. കനറാ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ഹർദീപ് സിംഗ് അലുവാലിയ, സർക്കിൾ ജനറൽ മാനേജർ എസ്.പ്രേംകുമാർ തുടങ്ങിയവർ പങ്കെടുത്തു. കനറാ ബാങ്ക്, എസ്.ബി.ഐ, യൂണിയൻ ബാങ്ക് ഒഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക്,സെൻട്രൽ ബാങ്ക്, കേരള ഗ്രാമീൺ ബാങ്ക്, റെയിൽവേ, പ്രതിരോധം, ഐ.എസ്.ആർ.ഒ, പോസ്റ്റൽ വകുപ്പ് എന്നിവിടങ്ങളിലാണ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയത്. കൊച്ചിയിൽ നടന്ന ചടങ്ങിൽ കേന്ദ്രമന്ത്രി എ. നാരായണസ്വാമി നിയമനക്കത്തുകൾ കൈമാറി.

## കഴിഞ്ഞവർഷം ബാങ്കുകളുടെ വായ്പ 17,120 കോടി

**ആലപ്പുഴ** : കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജില്ലയിലെ ബാങ്കുകൾ 17,120 കോടി രൂപ വായ്പയായി വിതരണം ചെയ്തു. ലീഡ് ബാങ്കിന്റെ ആഭിമുഖ്യത്തിൽ നടന്ന ജില്ലാതല ബാങ്കിംഗ് അവലോകന യോഗത്തിലാണിത് വിലയിരുത്തൽ. 2022 23 സാമ്പത്തിക വർഷത്തിലെ അവസാന പാദത്തിൽ 4108 കോടി രൂപയാണ് വായ്പയായി നൽകിയത്.2022ലെ 21,352 കോടി രൂപയിൽ നിന്നും 2023 മാർച്ച് 31ന് ജില്ലയിലെ ആകെ ബാങ്കുകളുടെ വായ്പ 24,145 കോടി രൂപയായി ഉയർന്നു.

3,611 വിദ്യാർത്ഥികൾക്ക് 188 കോടി വിദ്യാഭ്യാസ വായ്പ ഇനത്തിൽ നൽകി. 12500 കോടി രൂപയാണ് വരുന്ന സാമ്പത്തിക വർഷം ബാങ്കുകൾക്കുള്ള വാർഷിക ബഡ്ജറ്റ്.

## അപേക്ഷ ക്ഷണിച്ചു

കർഷകതൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങളുടെ മക്കൾക്ക് 202223 അധ്യയന വർഷത്തെ വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ കേരള സ്റ്റേറ്റ് സിലബസിൽ പഠിച്ച് ആദ്യ ചാൻസിൽ എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയത്തിനും 80 ശതമാനത്തിൽ കുറയാതെ മാർക്കും പ്ലസ്ടു/ വി.എച്ച്.എസ്.സി അവസാന വർഷ പരീക്ഷയിൽ 90 ശതമാനത്തിൽ കുറയാതെ മാർക്കും നേടിയവർക്ക് അപേക്ഷിക്കാം. എസ്.സി/ എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് മാർക്ക് പരിധി യഥാക്രമം 75 ശതമാനവും, 85 ശതമാനവുമാണ്.മാർക്ക് ലിസ്റ്റ്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, ക്ഷേമനിധി പാസ്സ് ബുക്ക്, ആധാർകാർഡ്, ബാങ്ക് പാസ്സ്ബുക്ക്, ബന്ധം തെളിയിക്കുന്ന രേഖ, എന്നിവയുടെ പകർപ്പ്, കർഷക തൊഴിലാളിയാണെന്ന് തെളിയിക്കുന്ന യൂണിയൻ സാക്ഷ്യപത്രം, എസ്.സി/ എസ്.ടി വിഭാഗക്കാർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ഫോൺ: 04936 204602.

# വകുപ്പുകൾ ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണം

**കൊച്ചി:** ജില്ലയിൽ നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ വികസന കോ ഓഡിനേഷൻ ആൻഡ് മോണിറ്ററിങ് കമ്മിറ്റിയുടെ (ദിശ) അവലോകനയോഗം ചേർന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് എന്നിവർ നേതൃത്വം നൽകി. ഓരോ വകുപ്പും ഏറ്റെടുക്കുന്ന വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. അക്ഷയ കേന്ദ്രങ്ങൾ വഴി വിവിധ സേവനങ്ങൾ പൊതുജനങ്ങൾക്കായി നടപ്പിലാക്കുന്നുണ്ടെങ്കിലും ഏതെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നത് എന്ന് പലപ്പോഴും പൊതുജനങ്ങൾക്ക് അറിവില്ല. ഇതുമായി ബന്ധപ്പെട്ട് ബ്ലോക്ക്, നഗരസഭ അടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു.വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന എല്ലാ പ്രൊജക്ടുകളും കൃത്യമായി പൂർത്തീകരിക്കാൻ സാധിക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു.കൊച്ചി സ്മാർട്ട് മിഷൻ പദ്ധതിയുടെ ഭാഗമായി 213.36 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു. 531.9 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. ജനറൽ ആശുപത്രി കാൻസർ ബ്ലോക്ക്, ഭൂഗർഭ വൈദ്യുതി കേബിളിംഗ്, സിറ്റി സർവെയ്‌ലൻസ്, തുരുത്തി ഹൗസിംഗ് ടവർ നിർമ്മാണം, എറണാകുളം നഗരത്തിലും പശ്ചിമ കൊച്ചിയിലുമായി സ്മാർട്ട് റോഡുകൾ, ഫോർട്ട്കൊച്ചിയിലെ വിവിധ റോഡുകൾ തുടങ്ങി 32 പദ്ധതികളാണ് സ്മാർട്ട് മിഷന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നത്.സ്വച്ച് ഭാരത് മിഷൻ ഫേസ് 2 പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 57,13,400 രൂപയുടെ വ്യക്തിഗത ടോയ്‌ലറ്റ് പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. 29 പബ്ലിക് ടോയ്‌ലറ്റുകൾ, വിവിധ ഖരമാലിന്യ പദ്ധതികൾക്കായി 2.78 കോടി രൂപയുടെ പദ്ധതികളും ദ്രവമാലിന്യ പദ്ധതിക്കായി ഒരു കോടി രൂപയുടെ പദ്ധതികളും ഈ വർഷം ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ ഒഡിഎഫ് പ്ലസ്, ടേക്ക് എ ബ്രേക്ക്, സീറോ വേസ്റ്റ് @കൊച്ചി, സ്വച്ഛ് സർവേക്ഷൻ ഗ്രാമീൺ, മാലിന്യമുക്ത കേരളം തുടങ്ങിയ വിവിധ പദ്ധതികളുടെ പ്രവർത്തനം പുരോഗമിക്കുന്നു.മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ജില്ലയിൽ ഈ സാമ്പത്തിക വർഷത്തിൽ മേയ് 25 വരെ 1543 പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത്. 1559.72 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചത്. 2,28,740 തൊഴിൽ ദിനങ്ങളാണ് ജില്ലയിൽ മേയ് വരെ നൽകിയിട്ടുള്ളത്.ദേശീയ ആരോഗ്യ ദൗത്യം പദ്ധതിയിലുൾപ്പെട്ട ആർദ്രം മിഷൻ മൂന്നാം ഘട്ടത്തിൽ 23 ആരോഗ്യ കേന്ദ്രങ്ങളിൽ കുടുംബാരോഗ്യ



ങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ 39 ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായിട്ടുണ്ട്. സമഗ്ര ശിക്ഷ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി ജില്ലയിലെ 37 പ്രീ പ്രൈമറി വിദ്യാലയങ്ങളിൽ വർണ്ണ കൂടാരം എന്ന പേരിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. 10 വിദ്യാലയങ്ങളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചു.കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യയോജന, പി.എം.എ.വൈ, ദേശീയ സാമൂഹ്യ സുരക്ഷാ പെൻഷൻ, നാഷണൽ അർബൻ ലൈവ്‌ലിഹുഡ് മിഷൻ, അമൃത് പ്രൊജക്റ്റ്, ആർ.ഡി.എസ്.എസ് പദ്ധതി, കൃഷി ഉന്നതി യോജന പദ്ധതി, ഐ.സി.ഡിഎസ്, പ്രധാനമന്ത്രി ഉജ്ജ്വൽ യോജന, ദേശീയ നഗര ഉപജീവന പദ്ധതി, പ്രധാനമന്ത്രി ആവാസ് യോജന, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ, മിഡ് ഡേ മീൽസ് സ്കീം, എം.പി ലാൻഡ്സ്, ദീൻ ദയാൽ അന്ത്യോദയ യോജന തുടങ്ങിയ വിവിധ പദ്ധതികളുടെ പുരോഗതിയും യോഗത്തിൽ അവലോകന ചെയ്തു.സൻസദ് ആദർശ് ഗ്രാമ യോജന പദ്ധതിയിൽ (സാഗി) മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന് യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഉപഹാരം നൽകി ആദരിച്ചു. കുമ്പളങ്ങി പഞ്ചായത്ത് പ്രസിഡന്റ് ലീജ തോമസ്, വൈസ് പ്രസിഡന്റ് പി.എ സഗീർ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ജേക്കബ് ബേസിൽ പുത്തൻവീട്ടിൽ എന്നിവർ ചേർന്ന് ഉപഹാരം ഏറ്റുവാങ്ങി.എറണാകുളം ഗവ.ഗസ്റ്റ് ഹൗസ് ബാങ്കറ്റ് ഹാളിൽ നടന്ന യോഗത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രൊജക്റ്റ് ഡയറക്ടർ എസ്.ശ്യാമലക്ഷ്മി, ജില്ലാ പ്ലാനിങ് ഓഫീസർ പി.എ ഫാത്തിമ, തദ്ദേശ സ്ഥാപനങ്ങളിലെ പ്രസിഡന്റുമാർ, വിവിധ വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

# വാഹനങ്ങളുടെ വേഗപരിധി പുതുക്കി ; ബൈക്കുകളുടെ പരമാവധി വേഗത 60 കി.മി

## മുച്ചക്ര വാഹനങ്ങളുടെയും സ്കൂൾ ബസുകളുടെയും പരമാവധി വേഗപരിധി 50 കിലോമീറ്ററായി തുടരും

**തിരുവനന്തപുരം:** സംസ്ഥാനത്തെ റോഡുകളിൽ വാഹനങ്ങളുടെ വേഗപരിധി ദേശീയ വിജ്ഞാപനത്തിനനുസൃതമായി പുതുക്കുവാൻ ഗതാഗതമന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതല യോഗം തീരുമാനിച്ചു. പുതുക്കിയ വേഗപരിധിയും നിലവിലുള്ള വേഗപരിധി ബ്രാക്കറ്റിലും ചുവടെ ചേർക്കുന്നു. 6 വരി ദേശീയ പാതയിൽ 110 കിലോമീറ്റർ, 4 വരി ദേശീയ പാതയിൽ 100 (90), മറ്റ് ദേശീയപാത, എം.സി. റോഡ്, 4 വരി സംസ്ഥാന പാത എന്നിവയിൽ 90 (85)കിലോമീറ്റർ, മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 80 (80), മറ്റു റോഡുകളിൽ 70 (70), നഗര റോഡുകളിൽ 50 (50) കിലോമീറ്റർ എന്നിങ്ങനെയാണ് 9 സീറ്റ് വരെയുള്ള വാഹനങ്ങളുടെ അനുവദിനീയ വേഗപരിധി.ഒമ്പത് സീറ്റിനു മുകളിലുള്ള ലൈറ്റ് മീഡിയം ഹെവി മോട്ടോർ യാത്ര വാഹനങ്ങൾക്ക് 6 വരി ദേശീയ പാതയിൽ 95 കിലോമീറ്റർ, 4 വരി ദേശീയ പാതയിൽ 90 (70), മറ്റ് ദേശീയപാത, എം.സി. റോഡ്, 4 വരി സംസ്ഥാന പാത എന്നിവയിൽ 85 (65)കിലോമീറ്റർ, മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 80 (65), മറ്റു റോഡുകളിൽ 70 (60), നഗര റോഡുകളിൽ 50 (50) കിലോമീറ്റർ എന്നിങ്ങനെയാണ് അനുവദനീയ വേഗപരിധി.ലൈറ്റ് മീഡിയം ഹെവി വിഭാഗത്തിൽപ്പെട്ട ചരക്ക് വാഹനങ്ങൾക്ക് 6 വരി, 4 വരി ദേശീയപാതകളിൽ 80 (70) കിലോമീറ്ററും മറ്റ് ദേശീയപാതകളിലും 4 വരി സംസ്ഥാന പാതകളിലും 70 (65) കിലോമീറ്ററും മറ്റ് സംസ്ഥാനപാതകളിലും പ്രധാന ജില്ലാ റോഡുകളിലും 65 (60) കിലോമീറ്ററും മറ്റ് റോഡുകളിൽ 60 (60) കിലോമീറ്ററും നഗര റോഡുകളിൽ 50 (50) കിലോമീറ്റർ ആയും നിജപ്പെടുത്തും.സംസ്ഥാനത്ത് റോഡപകടങ്ങളിൽ ഗണ്യഭാഗവും ഇരുചക്ര വാഹനങ്ങളായതിനാൽ അവയുടെ പരമാവധി വേഗപരിധി 70 കിലോമീറ്ററിൽ നിന്നും 60 ആയി കുറയ്ക്കും. മുച്ചക്ര വാഹനങ്ങളുടെയും സ്കൂൾ ബസുകളുടെയും പരമാവധി വേഗപരിധി നിലവിലുള്ള 50 കിലോമീറ്ററായി തുടരും.സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ പ്രവർത്തന സജ്ജമായതിനെത്തുടർന്നാണ് വേഗപരിധി പുനർ നിശ്ചയിക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് 2014ൽ നിശ്ചയിച്ചിരുന്ന വേഗപരിധിയാണ് നിലവിലുള്ളത്. ജൂലൈ ഒന്നു മുതൽ പുതിയ വേഗപരിധി നിലവിൽ വരുമെന്ന് മന്ത്രി ആന്റണി രാജു പറഞ്ഞു.ഉന്നതതല യോഗത്തിൽ ഗതാഗത സെക്രട്ടറി ബിജു പ്രഭാകർ, അഡീ. ട്രാൻസ്പോർട്ട് കമ്മീഷണർ പ്രമോജ് ശങ്കർ തുടങ്ങിയവർ പങ്കെടുത്തു.

# കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് അങ്കണവാടികൾ ഒരുങ്ങുന്നു



**കൊച്ചി:** കുരുന്നുകൾക്ക് പുത്തൻ അനുഭവം സമ്മാനിക്കാൻ കുമ്പളങ്ങി മാതൃക ഗ്രാമത്തിൽ സ്മാർട്ട് അങ്കണവാടികൾ ഒരുങ്ങുന്നു. പഞ്ചായത്തിലെ 17ാം വാർഡിൽ ഹൈബി ഈഡൻ എംപിയുടെ നിർദ്ദേശപ്രകാരം സിഎസ്ആർ ഫ് ഉപയോഗിച്ച് പണികഴിപ്പിക്കുന്ന സ്മാർട്ട് അങ്കണവാടിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്.സ്പോൺസർഷിപ്പിൽ ലഭിച്ച 2 സെന്റ് സ്ഥലത്ത് 22 ലക്ഷംരൂപയുടെ പദ്ധതി പ്രകാരം നിർമ്മിക്കുന്ന അങ്കണവാടി ആധുനിക നിലവാരത്തിലാണ് കുട്ടികൾക്കായി പഞ്ചായത്ത് ഒരുക്കി നൽകുന്നത്. ഇരുനിലകെട്ടിടത്തിൽ ഒരുങ്ങുന്ന അങ്കണവാടിയെ സ്മാർട്ടാക്കാൻ വർണ്ണാഭമായ ചുമർചിത്രങ്ങൾ, കുട്ടികളുടെ മാനസിക ഉല്ലാസത്തിനാവശ്യമായ കളിപ്പാട്ടങ്ങൾ, ശിശു സൗഹൃദ ഫർണീച്ചറുകൾ, ക്രീയേറ്റീവ് ഏരിയകൾ എന്നിവ ഉാകും. നിലവിൽ പഞ്ചായത്തിലെ ഒരു അങ്കണവാടി മാത്രമാണ് സ്മാർട്ടായി പ്രവർത്തിക്കുന്നത്. നിർമ്മാണം അവസാനഘട്ടത്തിൽ പുരോഗമിക്കുന്ന സ്മാർട്ട് അങ്കണവാടി ര് മാസത്തിനുള്ളിൽ നാടിന് സമർപ്പിക്കുമെന്ന് 17ാം വാർഡ് മെമ്പറും കുമ്പളങ്ങി പഞ്ചായത്ത് വൈസ് പ്രസിഡന്റുമായ പി.എ സഗീർ പറഞ്ഞു.ഇതുകൂടാതെ പഞ്ചായത്തിലെ 17ാം വാർഡിൽ തട്ടാളിത്തറ ഭാഗത്ത് സാമൂഹ്യനിതി വകുപ്പിന്റെ കീഴിൽ മറ്റൊരു അങ്കണവാടി കൂടി വൈകാതെ യാഥാർത്ഥ്യമാകും. പുറമ്പോക്ക് ഭൂമി പിടിച്ചെടുത്ത സ്ഥലത്ത് 11,80,000 രൂപയാണ് ഈ അങ്കണവാടിക്കായി അനുവദിച്ചിരിക്കുന്നത്.

# ശുചിത്വം: തദ്ദേശ സ്ഥാപനങ്ങളിൽ ജനകീയ ഹരിത ഓഡിറ്റ്

**കൊച്ചി:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വം ജനകീയ സോഷ്യൽ ഓഡിറ്റിലൂടെ വിലയിരുത്തുന്നു. മാർച്ച് 15 മുതൽ ജൂൺ അഞ്ചുവരെ നടന്ന 'മാലിന്യമുക്തം നവകേരളം' ക്യാമ്പയനിന്റെ പ്രവർത്തനങ്ങളാണ് പരിശോധിക്കുന്നത്. സർക്കാർ പ്രഖ്യാപിച്ച നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണ രംഗത്തും ശുചിത്വരംഗത്തും നടപ്പിലാക്കിയിട്ടുോ എന്നാണ് ഓഡിറ്റിൽ വിലയിരുത്തുന്നത്.ജനകീയ ഹരിത ഓഡിറ്റ് അംഗങ്ങൾക്കുള്ള ജില്ലാതല പരിശീലനം എറണാകുളം ഇഎംഎസ് ടൗൺ ഹാളിൽ നടന്നു. നവകേരളം കർമപദ്ധതി ജില്ലാ കോ ഓഡിനേറ്റർ എസ് രഞ്ജിനി ആമുഖാവതരണം നടത്തി. കില റിസോഴ്സ് പേഴ്സന്മാരായ കെ.കെ രവി, പി.കെ വർഗീസ്, നവകേരളം റിസോഴ്സ് പേഴ്സൺ ശാലിനി ബിജു, ശുചിത്വ മിഷൻ റിസോഴ്സ് പേഴ്സൺ പാർവതി, കുടുംബശ്രീ ബ്ലോക്ക് കോ ഓഡിനേറ്റർ ബിപിൻ എന്നിവർ ക്ലാസുകൾ നയിച്ചു.വ്യാപാരി വ്യവസായി സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, പെൻഷൻ സംഘടനകൾ, വായനശാലാ പ്രവർത്തകർ, എൻ.എസ്.എസ്. അംഗങ്ങൾ, യുവജനപ്രവർത്തകർ, കുടുംബശ്രീ ഗ്രീൻ അംബാസിഡർ, ആശാ വർക്കർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവർ ഓഡിറ്റ് ചെയ്യുന്ന ജനകീയ സമിതിയിൽ അംഗങ്ങളായിരിക്കും. ഇതോടൊപ്പം സ്വയംസന്നദ്ധരായി വരുന്നവരിൽനിന്ന് നാലുപേരെയും ഉൾപ്പെടുത്തും. മൂന്നുമാസം കൂടുമ്പോൾ തുടർ ജനകീയ ഹരിത ഓഡിറ്റുകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി ജനകീയവേദികളിൽ അവതരിപ്പിക്കും.

# മൂവാറ്റുപുഴയിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായ് അമൃത് പദ്ധതി

**കൊച്ചി:** മൂവാറ്റുപുഴ നഗരസഭയിൽ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നു. അമൃത് കുടിവെള്ള പദ്ധതി വഴി നഗരസഭ പരിധിയിലെ 28 വാർഡുകളിലായി 1500 കുടുംബങ്ങളിൽ കുടിവെള്ള ഗാർഹിക കണക്ഷൻ സൗജന്യമായി ലഭിക്കും. പദ്ധതി പൂർത്തിയാകുന്നതോടെ സ്ഥിരമായി കുടിവെള്ള ക്ഷാമം നേരിടുന്ന നഗരസഭാ പരിധിയിലെ ഉയർന്ന പ്രദേശങ്ങളിൽ പോലും ശുദ്ധജലം എത്തിക്കാൻ കഴിയും.കേന്ദ്ര സർക്കാർ വിഹിതം ഉൾപ്പെടെ 6.4 കോടി രൂപ ചെലവാക്കി നടപ്പാക്കുന്ന പദ്ധതിയിൽ കാലഹരണപ്പെട്ട പഴകിയ പൈപ്പുകൾ നീക്കം ചെയ്ത് പുതിയവ സ്ഥാപിക്കും. നഗരസഭ മൂന്നാം വാർഡ് മീനാനഗറിൽ 24 കുടുംബങ്ങൾക്ക് പൈപ്പ് കണക്ഷൻ നൽകികൊ് പദ്ധതിയുടെ ആദ്യഘട്ടം ആരംഭിച്ചു കഴിഞ്ഞു. പദ്ധതി വഴി നഗരസഭ പ്രദേശത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് മാസത്തിൽ 15 കിലോലിറ്റർ വെള്ളവും സൗജന്യമായി നൽകും.

## റസിഡന്റ് ട്യൂട്ടർ കരാർ നിയമനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്കായുള്ള ആലുവ, എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും, ആൺകുട്ടികൾക്കായുള്ള എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലിലും റസിഡൻറ് ട്യൂട്ടർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. എറണാകുളം ജില്ലയിലെ സർക്കാർ / എയ്ഡഡ് കോളേജുകളിലെയും ഹയർ സെക്കി / വൊക്കേഷണൽ ഹയർ സെക്കി സ്ക്കൂളുകളിലെയും അദ്ധ്യാപകർക്കും വിരമിച്ച കോളേജ് അദ്ധ്യാപകർക്കും ബിരുദാനന്തര ബിരുദവും, ബി.എഡും ഉള്ളവർക്കും അപേക്ഷിക്കാം. പ്രതിമാസ ഹോണറേറിയം 10,000 രൂപ.റസിഡൻറ് ട്യൂട്ടർ ഹോസ്റ്റലിൽ താമസിക്കേണ്ടതും കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിലും സ്ഥാപനത്തിന്റെ ഭരണപരമായ കാര്യങ്ങളിലും ചുമതല വഹിക്കേതാണ്. റസിഡൻറ് ട്യൂട്ടർമാർക്ക് താമസ സൗകര്യം ഹോസ്റ്റലിൽ ഉായിരിക്കും. വെള്ളകടലാസിൽ തയ്യാറാക്കിയ അപേക്ഷ, ജാതി, ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, നിലവിൽ ജോലി ചെയ്യുവരാണെങ്കിൽ സ്ഥാപന മേധാവിയുടെ ശുപാർശ എന്നിവ സഹിതം താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂൺ 27 ന് രാവിലെ 10.30 മുതൽ 12.30 വരെ എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നടത്തുന്ന നേരിട്ടുള്ള കൂടിക്കാഴ്ചയിൽ പങ്കെടുക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക .എറണാകുളം സിവിൽ സ്റ്റേഷൻ മൂന്നാം നില ഫോൺ നം. 0484 2422256.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:**ജില്ലയിൽ കൂവപ്പടി ബ്ലോക്കിലെ മുടക്കുഴ പഞ്ചായത്തിലെ പേരങ്ങാട്, കണ്ണഞ്ചേരി മുകൾ പട്ടികജാതി കോളനികളിലെ വിജ്ഞാൻവാടികളിലേയ്ക്കു മേൽനോട്ടച്ചുമതല വഹിക്കുന്നതിന് പ്രതിമാസം 8,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ കമ്പ്യൂട്ടർ, ഇൻറർനെറ്റ് പരിജ്ഞാനമുള്ള പ്ലസ് ടു വിജയിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഒരു വർഷമാണ് നിയമന കാലാവധി. പ്രായപരിധി 2145 വയസ്സ്, പട്ടികജാതി വികസന വകുപ്പിലോ, മറ്റ് സർക്കാർ വകുപ്പുകളിലോ ഫീൽഡ് പ്രവർത്തന പരിചയമുള്ളവർക്ക് മുൻഗണ നൽകും. പ്രവൃത്തി സമയം എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് അഞ്ചു വരെയും (തിങ്കളാഴ്ചയൊഴികെ), തദ്ദേശ വാസികൾക്ക് മുൻഗണന. നിയമനം തികച്ചും താൽക്കാലികമായിരിക്കും. വെള്ളക്കടലാസിൽ പൂരിപ്പിച്ച അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, യോഗ്യതാ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ജൂൺ 23 ന് (വെള്ളിയാഴ്ച) രാവിലെ 10.30ന് കാക്കനാട്, സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നേരിട്ടുള്ള കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. ഫോൺ നമ്പർ : 04842422256

## അസാപ്പിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള അസാപ് കേരളയുടെ കളമശ്ശേരി കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ ,ഫിറ്റ്നസ് ട്രെയിനർ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ട്രെയിനർ 400 മണിക്കൂർ ട്രെയിനിങ് പ്രോഗ്രാം ആണ്. പൂർത്തിയാകുന്നവർക്ക് വിവിധ സ്ഥാപനങ്ങളിൽ സോഫ്റ്റ് സ്കിൽ ട്രെയ്നറായി ജോലി ചെയ്യുവാൻ സാധിക്കും. ഫിറ്റ്നസ് ട്രെയിനർ 150 മണിക്കൂർ ദൈർഘ്യമുള്ള കോഴ്സിൽ പേഴ്സണൽ ട്രെയ്നർ, ജിം ഇൻസ്ട്രക്ടർ തുടങ്ങിയ ജോലികളിലേക്ക് പ്രവേശിക്കാം. കേന്ദ്ര സർക്കാർ അംഗീകൃത എൻഎസ്ഡിസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. 18 വയസ് തികഞ്ഞ വ്യക്തികൾക്ക് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് സന്ദർശിക്കുകയോ ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക. ഫോൺ : 7356861139 , 9495219570.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലയിലെ ഇടപ്പള്ളി അഡീഷണൽ ഐ.സി.ഡി.എസ്. പ്രൊജക്റ്റ് ഓഫീസിലെ 127 അങ്കണവാടികളിലേക്ക് പ്രീ സ്കൂൾ എഡ്യൂക്കേഷൻ കിറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ജി.എസ്.ടി രജിസ്ട്രേഷനുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും മുദ്ര വച്ച മത്സര സ്വഭാവമുള്ള ടെൻഡർ ക്ഷണിച്ചു മുദ്ര വച്ച ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി ജൂൺ 27ന് ഉച്ചയ്ക്ക് രണ്ടിന് . ടെൻഡർ ഫോറം ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10.30 നും വൈകുന്നേരം 4.30 നും ഇടയിൽ കളമശ്ശേരി നജാത്ത് നഗറിലുള്ള വനിതാ വികസന കേന്ദ്രം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഇടപ്പള്ളി (അഡീഷണൽ) ശിശുവികസന പദ്ധതി ഓഫീസിൽ നേരിട്ടോ 04842558060 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാം. ഇമെയിൽ- cdpoedappallyaddl@gmail.com

## കയർ മേഖല: വിദഗ്ധ സമിതിയുടെ ശുപാർശകൾ ചർച്ച ചെയ്ത് നടപ്പാക്കും: മന്ത്രി പി.രാജീവ്



**ആലപ്പുഴ:** കേരളത്തിലെ കയർ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് സർക്കാർ നിയോഗിച്ച വിദഗ്ധ സമിതി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചതായും സമിതിയുടെ ശുപാർശകൾ ട്രേഡ് യൂണിയൻ നേതാക്കളുൾപ്പടെ കയർ മേഖലയിലുള്ളവരുമായി ചർച്ച ചെയ്ത ശേഷം അംഗീകരിക്കാൻ കഴിയുമെന്നും സമയ ബന്ധിതമായി നടപ്പാക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നതായി കയർ വ്യവസായ മന്ത്രി പി.രാജീവ്. ഇടക്കാല റിപ്പോർട്ട് സംബന്ധിച്ച് ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ട്രേഡ് യൂണിയനുകൾ, ഉൽപാദകർ, ചെറുകിട സംഘങ്ങൾ, കയറ്റുമതിക്കാർ എന്നിവരുമായി ചർച്ചകൾക്ക് ശേഷമാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്. തൊണ്ടു സംഭരണം, ചകിരി ഉൽപാദനം, കയർപിരി മേഖല, ഉൽപ്പന്ന നിർമ്മാണ മേഖല, കയറ്റുമതി, ചെറുകിട ഉല്പാദന മേഖല, പൊതുമേഖലാസ്ഥാപനങ്ങൾ, സൊസൈറ്റികൾ, കയർഭൂവസ്ത്രത്തിൻറെ സാധ്യതകൾ, കയർ ബോർഡിൻറെ വിഷയം, ഈ മേഖലയിലെ പൊതുമേഖലാസ്ഥാപനങ്ങൾ മെച്ചപ്പെടുത്തേണ്ടതു സംബന്ധിച്ച്, യന്ത്ര ഉൽപാദന മേഖലയിലെ പരിമിതികൾ, റിസർച്ച് സെൻററിന്റെ പ്രവർത്തനം തുടങ്ങി വിവിധ ഉപമേഖലകളായിട്ടാണ് ഇടക്കാല റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് മന്ത്രി വ്യക്തമാക്കി. റിപ്പോർട്ട് സർക്കാർ അംഗീകാരം നൽകിയിട്ടില്ല. ചർച്ചകൾക്ക് ശേഷമാണ് ശുപാർശകൾ അംഗീകരിക്കുക. കയർ കോർപ്പറേഷനും കയർഫെഡും സംഭരിക്കുന്നതിൽ ചില പ്രശ്നങ്ങളുണ്ട്. സംഭരിക്കുക, വാങ്ങുക എന്ന കാര്യത്തിൽ നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരണം. ഗോഡൗണുകൾ ഒഴിയുന്നതിനനുസരിച്ചേ പുതിയ സംഭരണം നടത്താൻ കഴിയൂ. എടുക്കുന്നത് വിൽക്കാനും കഴിയണം. സംഭരിച്ചിരിക്കുന്ന പലതിനും ഇപ്പോൾ ആവശ്യക്കാർ ഇല്ല. ഫൈബർമാറ്റ് രണ്ടുലക്ഷത്തോളം പീസ് സംഭരിച്ചിട്ടുണ്ട്. വിറ്റഴിക്കൽ പ്രക്രിയയിലൂടെ അത് ഒഴിപ്പിക്കണം. വിറ്റഴിച്ചതോടെ പുതിയ സംഭരണം സർക്കാർ ആരംഭിച്ചതായി മന്ത്രി പറഞ്ഞു. കയർഫെഡിന് 16 ഗോഡൗൺ ഉണ്ടായിരുന്നത് അഞ്ചെണ്ണം തീരുമാനത്തിന്റെ ഭാഗമായി കയർ വിറ്റു തീർത്തിട്ടുണ്ട്. വിപണിയിലെ ആവശ്യകത അനുസരിച്ചായിരിക്കും സംഭരണം. കമ്പോളത്തിന് ആവശ്യമായിട്ടുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കണം. ഇതിനായി പുതിയ ഉൽപ്പന്നങ്ങൾ കണ്ടെത്തി നിർമിക്കാൻ തൊഴിലാളികളെ പരിശീലിപ്പിക്കാൻ സർക്കാർ ബൃഹത് പദ്ധതി നടപ്പാക്കുകയാണ്. നിലവിലുള്ള തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനായി 4 കോടി 80 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ വലിയ തുക തൊഴിലാളികൾക്ക് സ്റ്റൈപ്പൻഡ് കൊടുക്കുന്നതിന് തന്നെയാണ് വിനിയോഗിക്കുക. ഒരു കോടി രൂപ ഈ വർഷം തന്നെ പദ്ധതിക്കായി നീക്കിവെച്ചിട്ടുണ്ട്. നിലവിലുള്ള മിഷനറികളുടെ ഉത്പാദനക്ഷമത വർധിപ്പിക്കുകയും അറ്റകുറ്റപ്പണികൾക്കായി പ്രത്യേക സംവിധാനം ഒരുക്കുകയും ചെയ്യും. സംഘങ്ങൾക്കു പ്രവർത്തനമൂലധനത്തിന്റെ അഭാവം ഉണ്ട് എന്ന് ശ്രദ്ധയിൽപ്പെട്ടു. ആറരക്കോടി രൂപ പ്രവർത്തന മൂലധനമായി സംഘങ്ങൾക്ക് നൽകുന്നതിനു തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. സംഘങ്ങളുടെ മാനേജർ സബ്സിഡിയായി രണ്ടു കോടി രൂപ സർക്കാർ ഇപ്പോൾ അനുവദിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ആദ്യത്തെ മൂന്നു മാസത്തേക്കുള്ള 50 ലക്ഷം രൂപ ഇപ്പോൾ തന്നെ അനുവദിക്കും. ഇൻകം സപ്പോർട്ട് സ്കീമിൽ 2.06 കോടി രൂപ കുടിശ്ശിക ഉണ്ടായിരുന്നത്. ചിറയിൻകീഴ്,വൈക്കം, കായംകുളം, കോഴിക്കോട് പ്രോജക്ട് ഓഫീസുകളുടെ കീഴിലുള്ള സംഘങ്ങൾക്ക് നൽകാൻ ഉത്തരവായിട്ടുണ്ട്. കയർ കോർപ്പറേഷന് കേന്ദ്ര കുടിശ്ശികയായി 53 കോടി രൂപ നൽകാനുണ്ട്. ഇത് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ട്. 2019 മുതലുള്ള കുടിശ്ശികയാണിത്. ഇതും പ്രതിസന്ധി രൂക്ഷമാക്കിയതായി മന്ത്രി പറഞ്ഞു. കയർ ഫെഡിന് സർക്കാർ 3.44 കോടി രൂപ വിലസ്ഥിരതാ ഫണ്ടായി അനുവദിച്ചിട്ടുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന 10 സംഘങ്ങൾക്ക് 1.87 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി ഘട്ടത്തിലും ചേർത്തലയിലെ ഒരു സംഘം സർക്കാരിന് ലാഭ വിഹിതം നൽകി. നല്ല രീതിയിൽ പ്രവർത്തിക്കാൻ കഴിയുമെന്നതിന് തെളിവാണിത്. ചകിരി, കയർ, ഭൂവസ്ത്രം എന്നിവയുടെ വില നിശ്ചയിക്കാൻ കയർ ഡയറക്ടർ, കയർ കോർപറേഷൻ എം.ഡി, കയർഫെഡ് ജി.എം. എന്നിവരടങ്ങുന്ന വില നിർണയ സമിതി രൂപവത്കരിക്കും. ഇവർ മൂന്നു മാസം കൂടുമ്പോൾ യോഗം ചേരും. കൂലി വർധനവ് സംബന്ധിച്ച് തൊഴിലാളികളുടെയും സംഘടനകളുടെയും യോഗം വിളിക്കും. ഈ സർക്കാർ വന്നതിന് ശേഷം 233.08 കോടി രൂപ കയർമേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ചത് കൂടാതെയാണിത്. സർക്കാർ ചെലവഴിക്കുന്നത് പൂർണമായ തോതിൽ തൊഴിലാളിക്ക് ലഭിക്കണം. തറികളുടെ എണ്ണത്തിലും മറ്റും ചില തെറ്റായ പ്രവണതകൾ സമിതി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. തൊഴിലാളികൾക്ക് ബാങ്ക് വഴി കൂലി നൽകണമെന്ന നിർദ്ദേശവും റിപ്പോർട്ട് മുന്നോട്ട് വച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

## എറണാകുളം ജനറൽ ആശുപത്രിയിൽ 18 ഡയാലിസിസ് മെഷീനുകൾ വാങ്ങും

**കൊച്ചി:** എറണാകുളം ജനറൽ ആശുപത്രിയിൽ നിർമ്മാണം പുരോഗമിക്കുന്ന ഡയാലിസിസ് യൂണിറ്റിലേക്ക് പുതിയ ഡയാലിസിസ് മെഷീനുകൾ വാങ്ങാൻ ധാരണയായി. കൊച്ചിൻ ഷിപ്പിയാർഡിന്റെ സാമൂഹിക പ്രതിബദ്ധത ഫണ്ടിൽ നിന്നും 1.23 കോടി രൂപ വിനിയോഗിച്ചാണ് 18 ഡയാലിസിസ് മെഷീനുകൾ വാങ്ങുന്നത്. ആശുപത്രിയിൽ അഡ്മിറ്റാകുന്ന കുട്ടികളുടെ സന്തോഷത്തിനും ഉന്മേഷത്തിനുമായി 15 ലക്ഷം രൂപ ചെവഴിച്ചു ആശുപത്രി അങ്കണത്തിൽ കളിസ്ഥലം തയ്യാറാക്കാനും തീരുമാനമായിട്ടുണ്ട്. ഇതിനായുള്ള കരാറിൽ കൊച്ചി കപ്പൽശാല സി.എസ്.ആർ വിഭാഗം മേധാവി പി.എൻ സമ്പത് കുമാറും ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. ആർ. ഷാഹിർ ഷായും ഒപ്പുവച്ചു.ചടങ്ങിൽ കൊച്ചി കപ്പൽശാല സി.എസ്.ആർ മാനേജർ എ.കെ.




യൂസഫ് സന്നിഹിതനായിരുന്നു. എറണാകുളം എം.പി ഹൈബി ഈഡന്റെ വികസന ഫണ്ടിൽ നിന്നും 1.98 കോടി രൂപ ചെലവഴിച്ചാണ് ഡയാലിസിസ് യൂണിറ്റ് നിർമ്മിക്കുന്നത്.

# കേരളത്തിലെ ജില്ലാ കേന്ദ്രങ്ങളിലും 35 നഗരങ്ങളിലും ട്രൂ 5ജി എത്തിച്ച് ജിയോ

**കൊച്ചി:**കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും 35 നഗരങ്ങളിലും നിരവധി ടൗണുകളിലും ജിയോ ട്രൂ 5ജി സേവനങ്ങൾ ലഭ്യമാക്കിയതായി റിലയൻസ് ജിയോ.കേരളത്തിലെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും 35 നഗരങ്ങളിലും 100 ലധികം ചെറു പട്ടണങ്ങളിലും 5ജി സേവനങ്ങൾ ലഭ്യമാക്കിയ ആദ്യത്തെ ടെലികോം ദാതാവാണ് തങ്ങളെന്നും റിലയൻസ് ജിയോ അധികൃതർ അവകാശപ്പെട്ടു.ജിയോയുടെ ട്രൂ 5ജി സേവനങ്ങൾ കേരളത്തിൽ ഇപ്പോൾ പയ്യന്നൂർ, തിരൂർ, കാസർഗോഡ്, കായംകുളം, വടകര, നെയ്യാറ്റിൻകര, പെരുമ്പാവൂർ, കുന്നംകുളം, ഇരിങ്ങലക്കുട,കൊയിലാണ്ടി, കൊട്ടാരക്കര, പൊന്നാനി, പുനലൂർ, ചിറ്റൂർതത്തമംഗലം തളിപ്പറമ്പ് ,നെടുമങ്ങാട്, കാഞ്ഞങ്ങാട്, തിരുവല്ല, തലശ്ശേരി, കൊടുങ്ങല്ലൂർ, ആറ്റിങ്ങൽ, മൂവാറ്റുപുഴ, ചങ്ങനാശേരി, ആലപ്പുഴ, പാലക്കാട്, കോട്ടയം, കൊല്ലം, ചേർത്തല, മലപ്പുറം, കണ്ണൂർ, തൃശൂർ, ഗുരുവായൂർ, കോഴിക്കോട്, തിരുവനന്തപുരം, കൊച്ചി എന്നി നഗരങ്ങളിൽ ലഭ്യമാണ്. ഈ നഗരങ്ങളിലെ എല്ലാ പ്രധാനപ്പെട്ട പ്രദേശങ്ങളും വാണിജ്യ സ്ഥാപനങ്ങളും ജിയോ ട്രൂ 5ജി നെറ്റ്‌വർക്ക് കവർ ചെയ്യുന്നുണ്ട്. കേരളത്തിൽ ജിയോയുടെ ട്രൂ 5ജി വ്യാപനം അതി വേഗത്തിലാണ്. കഴിഞ്ഞ ഡിസംബറിൽ തുടങ്ങിയ 5 ജി സേവനം 6 മാസങ്ങൾക്കുള്ളിലാണ് ഇത്രയധികം സ്ഥലങ്ങളിലേക്ക് വ്യാപിച്ചത്




700 ങ്ക്വ, 3500 ങ്ക്വ,ബാൻഡുകളിലുടനീളം ഏറ്റവും വലുതും മികച്ചതുമായ ജിയോയുടെ 5ജി സ്പെക്ട്രം, കാരിയർ അഗ്രിഗേഷൻ എന്ന നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഏറ്റവും നല്ല സേവനം ഉപഭോക്താക്കൾക്ക് നൽകാൻ സാധിക്കുന്നുവെന്നും ജിയോ അധികൃതർ വ്യക്തമാക്കി.കേരളത്തിലെ എല്ലാ 14 ജില്ലാ ആസ്ഥാനങ്ങളിലും ജിയോ ട്രൂ 5ഏ സേവനങ്ങളുടെ ലഭ്യത പ്രഖ്യാപിക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ടെന്നും ജിയോ വക്താവ് അറിയിച്ചു. കേരളത്തിലെ ജനങ്ങളോടുള്ള, പ്രത്യേകിച്ച് യുവജനങ്ങളോടുള്ള ജിയോയുടെ തുടർച്ചയായ പ്രതിബദ്ധതയുടെ തെളിവാണ് ഈ നേട്ടം. വിനോദസഞ്ചാരം, ഉൽപ്പാദനം, എസ്എംഇകൾ, ഇഗവേണൻസ്, വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഗെയിമിംഗ്, ഐടി എന്നീ മേഖലകളിൽ അനന്തമായ വളർച്ചാ അവസരങ്ങളോടെ ജിയോ ട്രൂ 5ജി സേവനങ്ങൾ കേരളത്തിലെ ജനങ്ങളെ സജ്ജരാക്കും.2023 ഡിസംബർ അവസാനത്തോടെ ഇന്ത്യയിലെ എല്ലാ നഗരങ്ങളിലും താലൂക്കുകളിലും ജിയോ ട്രൂ 5ജി സേവനങ്ങൾ ആരംഭിക്കുമെന്നും ജിയോ വക്താവ് വ്യക്തമാക്കി.

# ഹോണ്ട പുതിയ യൂണികോൺ അവതരിപ്പിച്ചു

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ ഒബിഡി2 മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ 2023 യൂണികോൺ പുറത്തിറക്കി. ബിഎസ് 6 160 സിസി പിജിഎംഎഫ്ഐ എഞ്ചിൻ കരുത്തേകുന്ന പുതിയ മോഡലിൽ ചെറിയ സ്റ്റോപ്പുകളിൽ സൗകര്യത്തിനായി എഞ്ചിൻ സ്റ്റോപ്പ് സ്വിച്ച് സൗകര്യമുണ്ടെന്നും ഉയർന്ന ഗ്രൗണ്ട് ക്ലിയറൻസും, (187 എംഎം) നീളമുള്ള വീൽബേസും (1335 എംഎം) സുസ്ഥിരമായ യാത്ര ഉറപ്പാക്കുമെന്നും ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും പ്രസിഡൻറും സിഇഒയുമായ സുത്സുമു ഒടാനി പറഞ്ഞു. യാത്ര കൂടുതൽ സുഖകരമാക്കുന്നതിന് 715 എംഎം നീളമുള്ള സീറ്റാണ് പുതിയ യൂണികോണിൽ ഘടിപ്പിച്ചിരിക്കുന്നത്. ട്യൂബ്ലെസ് ടയറുകളാണ് മറ്റൊരു പ്രത്യേകത. ആന്റി ബ്രേക്ക് സിസ്റ്റവുമുണ്ട്.ക്രോം ഗാർണിഷ് ഉള്ള ഫ്രണ്ട് കൗൾ, ത്രീഡി വിങ് മാർക്ക്, സൈഡ് കവറിലുള്ള ക്രോം സ്ട്രോക്ക്, സിഗ്നേച്ചർ ടെയിൽ ലാമ്പ് എന്നിവ വാഹനത്തിന് കൂടുതൽ അഴകും പ്രീമിയം ലുക്കും നൽകും. പത്ത് വർഷത്തെ പ്രത്യേക വാറന്റി പാക്കേജും (മൂന്ന് വർഷത്തെ സ്റ്റാൻഡേർഡ് + ഏഴ് വർഷത്തെ ഓപ്ഷണൽ എക്സ്റ്റൻഡഡ് വാറന്റി) ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു.രണ്ടു ദശാബ്ദക്കാലമായി ഇന്ത്യൻ മോട്ടോർസൈക്കിൾ യാത്രക്കാർക്കിടയിൽ യൂണികോൺ ഒരു ഇഷ്ട ബ്രാൻഡായി തുടരുകയാണെന്നും സുത്സുമു ഒടാനി പറഞ്ഞു. ഏറ്റവും പുതിയ മാനദണ്ഡങ്ങൾ പാലിക്കുന്ന കരുത്ത്, കാര്യക്ഷമത, സുഖസൗകര്യങ്ങൾ എന്നിവ സമന്വയിപ്പിക്കുന്ന മോഡലുകൾ വാഗ്ദാനം ചെയ്യുന്നതിനുള്ള തങ്ങളുടെ പ്രതി



ബദ്ധതയെ ഈ അവതരണം ശക്തിപ്പെടുത്തുന്നുവെന്നും അദ്ദേഹം പറഞ്ഞു.സമാനതകളില്ലാത്ത സ്റ്റൈൽ, ഡിസൈൻ, പവർ, അഡ്വാൻസ്ഡ് എർഗണോമിക്സ് എന്നിവയിലൂടെ ഹോണ്ട യൂണികോൺ തങ്ങളുടെ സെഗ്മെൻറിൽ എല്ലായ്പ്പോഴും ട്രെൻഡുകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.പേൾ ഇഗ്നിയസ് ബ്ലാക്ക്, ഇംപീരിയൽ റെഡ് മെറ്റാലിക്, മാറ്റ് ആക്സിസ് ഗ്രേ മെറ്റാലിക്, പേൾ സൈറൺ ബ്ലൂ എന്നിങ്ങനെ നാല് നിറഭേദങ്ങളിൽ പുതിയ 2023 യൂണികോൺ ലഭിക്കും. 1,09,800 രൂപയാണ് (ഡൽഹി എക്സ്ഷോറൂം) പ്രാരംഭ വില.

# കൊച്ചി മെട്രോ മെഗാ ഫെസ്റ്റ്: 'ചിരി വര മെട്രോ' ഇന്ന്

**കൊച്ചി:** കൊച്ചി മെട്രോയുടെ ആറാം വാർഷിക ആഘോഷങ്ങളുടെയും കേരള മെട്രോ റെയിൽ ദിനാചരണത്തിന്റെയും ഭാഗമായി നടക്കുന്ന കൊച്ചി മെട്രോ മെഗാ ഫെസ്റ്റിൽ ഇന്നത്തെ പ്രധാന ആകർഷണം 'ചിരി വര മെട്രോ' ആണ്. കൊച്ചി മെട്രോയിൽ യാത്ര ചെയ്യുന്നവരുടെ കാരിക്കേച്ചറുകൾ പ്രമുഖ കാർട്ടൂണിസ്റ്റുൾ വരയ്ക്കും. രാവിലെ 10.30 മുതൽ കൊച്ചി മെട്രോയുടെ വിവിധ ട്രെയിൻ സർവ്വീസുകളിൽ ഒൻപത് പേരടങ്ങുന്ന കാർട്ടൂണിസ്റ്റുകളുടെ സംഘം സഞ്ചരിച്ച് യാത്രക്കാരിൽ ചിലരെ കാൻവാസിലാക്കും. ഈ കാരിക്കേച്ചറുകളിൽ ചിലത് യാത്രക്കാർക്ക് സമ്മാനി



ക്കും. യാത്രക്കാരുടെ കാരിക്കേച്ചറുകൾ തെരഞ്ഞെടുത്ത ട്രെയിനുകളിൽ വരും ദിവസങ്ങളിൽ പ്രദർശിപ്പിക്കും. മുതിർന്ന കാർട്ടൂണിസ്റ്റ് ഇ.പി.ഉണ്ണി പരിപാടി പ്രോഗ്രാം ഉദ്ഘാടനം ചെയ്യും. ഇ.പി.ഉണ്ണി ,രതീഷ് രവി, ടി.ജി.ജയരാജ്, മധൂസ്, സജീവ് ശൂരനാട്, സജ്ജീവ് ബാലകൃഷ്ണൻ, സുധീർനാഥ്, സജിത് കുമാർ, ഗോകുൽ ഗോപാലകൃഷ്ൻ എന്നീ കാർട്ടൂണിസ്റ്റുകളാണ് മെട്രോയിൽ സഞ്ചരിച്ച് യാത്രക്കാരുടെ കാരിക്കേച്ചറുകൾ തയ്യാറാക്കുക.

# 'പെൻഡുലം' ജൂൺ 16ന്




**കൊച്ചി:** വിജയ് ബാബു, ഇന്ദ്രൻസ്, അനു മോൾ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി നവാഗതനായ റെജിൻ എസ് ബാബു തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന'പെൻഡുലം' ജൂൺ പതിനാറിന് പ്രദർശനത്തിനെത്തുന്നു.സുനിൽ സുഖദ, ഷോബി തിലകൻ, ദേവകീ രാജേന്ദ്രൻ തുടങ്ങിയവരാണ് മറ്റു പ്രമുഖ താരങ്ങൾ.ലൈറ്റ് ഓൺസിനിമാസ്, ബാറ്റ് ബ്രോസ് ഇന്റർനാഷണൽ എന്നിവയുടെ ബാനറിൽ ഡാനിഷ് കെ എ,ലിഷ ജോസഫ് , ബിനോജ് വില്ല്യ,മിഥുൻ മണി മാർക്കറ്റ് എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം അരുൺ ദാമോദരൻ നിർവ്വഹിക്കുന്നു.സമീർ ബിൻസി,ടിറ്റോ പി പാപ്പച്ചൻ,ലിഷ ജോസഫ് എന്നിവരുടെ വരികൾക്ക് ജീൻസംഗീതം പകരുന്നു.കോ പ്രൊഡ്യൂസർ അഖിൽ ഇറക്കിൽ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർഅരുൺ പ്രസാദ് ഏ പി, ബിജു അലക്സ്,ലൈൻ പ്രൊഡ്യൂസർപോൾ ജോർജ്ജ്,ജോസ് ലാസർ, ശ്രീഹരി കെ മാരാർ,എഡിറ്റർസൂരജ് ഇ എസ്, പ്രൊഡക്ഷൻ കൺട്രോളർ ജോബ് ജോർജ്ജ്,കലദുൻധു രാജീവ് രാധ,മേക്കപ്പ് റോണി വെള്ളത്തൂവൽ, വസ്ത്രാലങ്കാരംവിപിൻ ദാസ്,സ്റ്റിൽസ്‌വിഷ്ണു എസ് രാജൻ,പരസ്യകല മാമിജോ, ക്രിയേറ്റീവ് ഡയറക്ടർ ജിതിൻ എസ് ബാബു, അസോസിയേറ്റ് ഡയറക്ടർഅബ്രു സൈമൺ,അസിസ്റ്റൻറ് ഡയറക്ടർനിഥിൻ എസ് ആർ,ഹരി വിസ്മയം, ശ്രീജയ്,ആതിര കൃഷ്ണൻഫിനാൻസ് കൺട്രോളർരോഹിത് ഐ എസ്, പ്രൊഡക്ഷൻ മാനേജർ ആദർശ് സുന്ദർ, ജോബി, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്‌വിനോദ് വേണു ഗോപാൽ,പി ആർ ഒഎ എസ് ദിനേശ്

# 'പർപ്പിൾ പോപ്പിൻസ് 'ഫസ്റ്റ് ലുക്ക് പോസ്റ്റർ




**കൊച്ചി:** സിയറാം പ്രോഡക്ഷൻസിന്റെ ബാനറിൽ എം ജി അജിത്ത് നിർമിച്ച്, എം ബി എസ് ഷൈൻ രചനയും സംവിധാനവും നിർവഹിച്ച പർപ്പിൾ പോപ്പിൻസ് എന്ന സിനിമ യുടെ ഫസ്റ്റ് ലുക്ക് പോസ്റ്റർ റിലീസായി.2001 ജൂലൈ 17 ന് ക്രിസ്റ്റിയാന എന്ന കൗമാരക്കാരിയുടെ പക്കൽ നിന്നും പോലീസ് കടെുത്ത കത്തുകളാണ് പർപ്പിൾ പോപ്പിൻസ് എന്ന സിനിമക്കു പ്രചോദനമായത്.ജൂലായ് ഏഴിന് 'പർപ്പിൾ പോപ്പിൻസ് ' പ്രദർശനത്തിനെത്തുന്നു.പി ആർ ഒ എ എസ് ദിനേശ്.

# യോഗാ ദിന ക്യാമ്പയിനുമായി കാലിഫോർണിയ ആൽമണ്ട്സ്

**കൊച്ചി**: അന്താരാഷ്ട്ര യോഗാ ദിനത്തിന്റെ ഭാഗമായി കാലിഫോർണിയ ആൽമ്ണ്ടസ് പുതിയ ക്യാമ്പയിൻ അവതരിപ്പിച്ചു. ജീവിതത്തിൽ യോഗ സൃഷ്ടിക്കുന്ന പരിണാമപരമായ സ്വാധീനത്തെ കുറിച്ച് ബോധവത്ക്കരണം വർധിപ്പിക്കുകയാണ് ലക്ഷ്യം. ശരീരവും മനസും ചേതനയും തമ്മിൽ ചേർച്ചയുാക്കുവാനുള്ള കഴിവിലൂടെ ആരോഗ്യത്തിലേക്കും ക്ഷേമത്തിലേക്കും എത്തിക്കുന്നതിനുള്ള വഴിയാണ് യോഗ. പരിണാമപരമായ ഈ അനുഭവത്തെ മെച്ചപ്പെടുത്തുവാൻ 15 ആവശ്യ പോഷക ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ആൽമ് ഉൾപ്പെടെയുള്ള ആരോഗ്യകരവും സമീകൃതവുമായ ആഹാരക്രമം പിന്തുടരണമെന്ന് ക്യാമ്പയിനിന്റെ ഭാഗമായ ആരോഗ്യ വിദഗ്ധർ പറയുന്നു. പോഷകാഹാര ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ആൽമ് കഴിക്കുന്നത് പേശികളെ തിരിച്ചു പിടിക്കാനും വ്യായാമങ്ങളിലൂടെ ഉാകുന്ന ക്ഷീണം കുറയ്ക്കുവാനും സഹായിക്കുമെന്ന് ഫിറ്റ്നസ്‌സെലിബ്രിറ്റി ഇൻസ്ട്രക്ടറായ യാസ്മിൻ കറാച്ചിവാല പറഞ്ഞു. യോഗാ പരിശീലനത്തിനു ശേഷം ആൽമ് കഴിക്കുന്നത് പേശികളുടെ പൂർവ സ്ഥിതിയിലാക്കലിനും സഹായിക്കും. ആരോഗ്യകരമായ ശരീരഭാരം പരിപാലിച്ച് കൊു പോകുന്നത് പരമാവധി ക്ഷേമത്തിനും യോഗ പരിശീലനം മെച്ചപ്പെടുത്തുന്നതിനും ഒരുപോലെ അനിവാര്യമാണ്. ആൽമ് പൂർണ തൃപ്തി നൽകുകയും, വിശപ്പ് കുറയ്ക്കുകയും, അതുവഴി നിങ്ങളുടെ ശരീരഭാരം പരിപാലിക്കുവാൻ സഹായിക്കുകയും ചെയ്യുമെന്ന് ന്യുട്രീഷ്യൻ ആന്റ് വെൽനെസ്സ് കൺസൾട്ടന്റായ ഷീല കൃഷ്ണസ്വാമി പറഞ്ഞു. അന്താരാഷ്ട്ര യോഗാ ദിനം ആഘോഷിക്കുന്ന വേളയിൽ പോഷകങ്ങൾ അടങ്ങിയ ഭക്ഷണങ്ങളിലൂടെ നമ്മുടെ ശരീരങ്ങളെ ഊർജസ്വലമാക്കേത്തിന്റെ പ്രാധാന്യം കൂടി ഓർക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു.

## ലോക രക്തദാന ദിനം :

# ഐ.എം.എ കൊച്ചി ബ്ലഡ് ബ്ലാങ്ക് 40 ാം വർഷത്തിലേക്ക്

**കൊച്ചി:**രക്തദാനത്തിന്റെ മഹത്വം വിളിച്ചോതി ലോക രക്തദാന ദിനാചരണം സംഘടിപ്പിച്ച് ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക്. കേരളത്തിന്റെ രക്തദാന മേഖലയിൽ നിർണ്ണായക ദൗത്യവുമായി നിലകൊള്ളുന്ന ആധുനിക രീതിയിലുള്ള ഐ.എം.എ കൊച്ചി ബ്ലഡ് ബ്ലാങ്ക് 40ാം വർഷത്തിലേക്ക് പ്രവേശിച്ചു. 1984 ൽ സർക്കാർ ഇതര മേഖലയിൽ സ്ഥാപിതമായ ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് ഇന്ന് 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ട് കൊച്ചിയിലും സമീപ ജില്ലകളിലും കൂടാതെ ലക്ഷദ്വീപിലുമടക്കം 110 ലധികം ആശുപത്രികളുടെ ആശ്രയകേന്ദ്രമാണ്. രക്തദാനത്തിന്റെ ആവശ്യകത നാൾക്കുനാൾ വർധിച്ചുവരുന്നത് മുൻ നിർത്തി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്(ബി.പി.സി.എൽ) സി.എസ്.ആർ.ഫണ്ടിന്റെ സഹായത്തോടെ ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് ആധുനികവൽക്കരിച്ചുകൊണ്ടിരിക്കുകയാണെന്ന് ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് സെക്രട്ടറി ഡോ.ജുനൈദ് റഹ്മാൻ പറഞ്ഞു. ബ്ലഡ് ബാങ്കിന്റെ നവീകരണത്തിനായി ബിപിസിഎൽ സിഎസ്ആർ ഫണ്ടിൽ നിന്ന് അനുവദിച്ച 70 ലക്ഷം രൂപ വിനിയോഗിച്ച് ഡീപ് ഫ്രീസറുകൾ, ബ്ലഡ് ബാങ്ക് റെഫ്രിജറേറ്ററുകൾ, ബ്ലഡ് കളക്ഷൻ മോണിറ്റർ, ട്യൂബ് സീലർ, സെൻട്രിഫ്യൂജ്, പ്ലേറ്റ്ലെറ്റ് ഇൻകുബേറ്ററുകൾ തുടങ്ങിയ അവശ്യ ഉപകരണങ്ങൾ മാറ്റിസ്ഥാപിച്ചതായി ഡോ.ജുനൈദ് റഹ്മാൻ പറഞ്ഞു. നവീകരണത്തോടെ ബ്ലഡ് ബാങ്ക് വഴി വിതരണം ചെയ്യുന്ന രക്തത്തിന്റെ ഗുണനിലവാരം മികച്ച രീതിയിൽ നിലനിർത്താൻ സാധിക്കുന്നുണ്ട്. ഇത് രക്തദാനത്തിലും വിതരണത്തിലും 30 ശതമാനത്തിലധികം വർധനവുണ്ടാക്കാൻ സഹായിച്ചുവെന്നും ഡോ.ജുനൈദ് റഹ്മാൻ പറഞ്ഞു. കുറഞ്ഞ നിരക്കിലാണ് ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്കിൽ നിന്നും രക്തയൂണിറ്റുകൾ വിതരണം ചെയ്യുന്നത്. കൂടാതെ സംസ്ഥാനത്തുടനീളമുള്ള സർക്കാർ ആശുപത്രികളിലെ പാവപ്പെട്ടവർക്കും നിർധനരായ രോഗികൾക്കും 10% രക്തവും ഘടകങ്ങളും സൗജന്യമായി വിതരണം ചെയ്യുന്നു. ഒപ്പം തലസീമിയ, ഹീമോഫീലിയ രോഗികൾക്കും രക്തഘടകങ്ങൾ സൗജന്യമായിട്ടാണ് നൽകുന്നതെന്നും ഡോ.ജുനൈദ് റഹ്മാൻ പറഞ്ഞു. നാറ്റ്(Nucleic Acid amplification Testing ) പരിശോധന നടത്തി ഏറ്റവും സുരക്ഷിതമായ രക്തമാണ് ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്ക് വഴി വിതരണം ചെയ്യുന്നത്.സന്നദ്ധരായ രക്തദാതാക്കളിൽ നിന്നും ഒരോവർഷം ഏകദേശം 18000 യൂണിറ്റ് രക്തം ശേഖരിക്കുന്നുന്നുണ്ട്. കഴിഞ്ഞ 37 വർഷമായി പ്രതിവർഷം 38000 യൂണിറ്റിലധികം രക്ത ഘടകങ്ങൾ ഇവിടെ നിന്നും വിതരണം ചെയ്തു വരുന്നുണ്ടെന്നും ഡോ.ജുനൈദ് റഹ്മാൻ പറഞ്ഞു. ഐ.എം.എ കൊച്ചി ബ്ലഡ് ബ്ലാങ്കിന്റെ കീഴിൽ വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ മാസം തോറും 18 ഓളം രക്തദാന ക്യാമ്പുകൾ നടത്താറുണ്ട്. ഒപ്പം ദാതാക്കൾക്ക് കൗൺസിലിംഗ് അടക്കം നൽകാറുമുണ്ട്. അപൂർവ രക്തഗ്രൂപ്പുകളുൾപ്പെടെ ഓരോ മാസവും ശരാശരി 2500 രക്ത യൂണിറ്റുകൾ വിവിധ ആശുപത്രികളിലേക്ക് ഐ.എം.എ കൊച്ചി ബ്ലഡ് ബാങ്കിൽ നിന്നും വിതരണം ചെയ്യുന്നുണ്ടെന്നും ഡോ.ജുനൈദ് റഹ്മാൻ പറഞ്ഞു.

## കെൽട്രോൺ ജേണലിസം പഠനത്തിന് അപേക്ഷ ക്ഷണിച്ചു

KELTRON
Kerala State Electronics Development Corporation Ltd.
(A Govt. of Kerala Undertaking)

**കൊച്ചി:** കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന ഒരു വർഷത്തെ മാദ്ധ്യമ പഠന ബിരുദാനന്തര ബിരുദ ഡിപ്ലോമയുടെ 2023'24 ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രിന്റ് മീഡിയ ജേർണലിസം, ടെലിവിഷൻ ജേർണലിസം, സോഷ്യൽ മീഡിയ ജേർണലിസം, മൊബൈൽ ജേർണലിസം, ഡാറ്റാ ജേർണലിസം, ആങ്കറിങ് എന്നിവയിലാണ് പരിശീലനം. മാധ്യമ സ്ഥാപനങ്ങളിൽ ഇൻറ്റേൺഷിപ്പ്, പ് ളേസ്സ്മെൻറ് സഹായം എന്നിവയും നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കോ, അവസാന വർഷ ബിരുദ ഫലം കാത്തിരിക്കുന്നവർക്കോ അപേക്ഷിക്കാം. അപേക്ഷകൾ ജൂൺ 25നകം തിരുവനന്തപുരം കെൽട്രോൺ നോളഡ്ജ് കേന്ദ്രത്തിൽ ലഭിക്കണം. അപേക്ഷാ ഫോമിനും വിശദ വിവരങ്ങൾക്കും ഫോൺ 954495 8182. വിലാസം കെൽട്രോൺ നോളഡ്ജ് സെന്റർ, രണ്ടാം നില, ചെമ്പിക്കളം ബിൽഡിങ്ങ്, ബേക്കറി ജംഗ്ഷൻ, വഴുതക്കാട്, തിരുവനന്തപുരം, 695 014.

## ടിവിഎസ് ഐക്യൂബ് സ്കൂട്ടറുകളുടെ വില പുതുക്കി നിശ്ചയിച്ചു



**കൊച്ചി:** ഇരുചക്ര,മുച്ചക്ര വാഹന നിർമാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി ഫെയിം രണ്ട് സബ്സിഡിയുടെ പുനരവലോകനത്തിന്റെ ഭാഗമായി ഐക്യൂബ് സ്കൂട്ടറുകളുടെ വില പുതുക്കി നിശ്ചയിച്ചു. സബ്സിഡി ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതിനെ തുടർന്നുള്ള മുഴുവൻ ഭാരവും ഉപഭോക്താക്കളിൽ അടിച്ചേൽപ്പിക്കാതെയാണ് പുതിയ വില പ്രഖ്യാപിച്ചിരിക്കുന്നതെന്നും ടിവിഎസിൻറെ ഉപഭോക്തൃ കേന്ദ്രീകൃതമായ സസ്റ്റൈനബിൾ ഫ്യൂച്ചർ മൊബിലിറ്റി സൊലൂഷൻസ് അനുസൃതമായാണ് ഈ നടപടിയെന്നും ടിവിഎസ് മോട്ടോർ കമ്പനി ഇലക്ട്രിക് വെഹിക്കിൾസ് സീനിയർ വൈസ് പ്രസിഡന്റ് മനു സക്സേന പറഞ്ഞു.2023 മെയ് 20 വരെ ടിവിഎസ് ഐക്യൂബ് ബുക്ക് ചെയ്ത ഉപഭോക്താക്കൾക്ക് ഫെയിം രണ്ട് സബ്സിഡി പുനരവലോകനത്തിന് ശേഷമുള്ള ചെലവ് ഭാരം ലഘൂകരിക്കുന്നതിന് കമ്പനി ഒരു ലോയൽറ്റി ബെനിഫിറ്റ് പ്രോഗ്രാം ലഭ്യമാക്കും. കൂടാതെ പുതിയ ഉപഭോക്താക്കൾക്ക് 2023 ജൂൺ ഒന്ന് മുതൽ വാഹനം ബുക്ക് ചെയ്യുമ്പോൾ ഫെയിം രണ്ട് പുനരവലോകനത്തിൻറെ പൂർണ ഭാരം വഹിക്കാതെ തന്നെ പുതിയ വിലയിൽ വാഹനം സ്വന്തമാക്കാനും കഴിയും. 2023 ജൂൺ 1 മുതൽ വിവിധ മോഡലുകൾക്ക് അനുസൃതമായി 17,000 മുതൽ 22,000 രൂപയുടെ വരെ വർധനവാണ് ടിവിഎസ് ഐക്യൂബിനുണ്ടാവുക. 2023 മെയ് 20ന് മുമ്പ് മുൻകൂട്ടി ബുക്ക് ചെയ്ത ഉപഭോക്താക്കൾക്ക് അധിക ലോയൽറ്റി ആനുകൂല്യവും നൽകും.2023 മെയ് 20 വരെ നടത്തിയ ടിവിഎസ് ഐക്യൂബ് ബുക്കിങിന് 1,42,433 രൂപയും, ടിവിഎസ് ഐക്യൂബ് എസിന് 1,55,426 രൂപയുമാണ് കൊച്ചി ഓൺ റോഡ് വില. 2023 മെയ് 21 മുതലുള്ള ടിവിഎസ് ഐക്യൂബ് ബുക്കിങിന് 1,49,433 രൂപയും, ടിവിഎസ് ഐക്യൂബ് എസിന് 1,64,866 രൂപയുമാണ് കൊച്ചി ഓൺറോഡ് വില.ടിവിഎസ് ഐക്യൂബ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സ്കൂട്ടറുകളുടെ ശ്രേണിയിൽ 1,00,000 യൂണിറ്റുകളുടെ വിൽപ്പന എന്ന നാഴികക്കല്ല് രേഖപ്പെടുത്തിയെന്നും, സന്തുഷ്ടരായ ഉപഭോക്താക്കളുടെ ശക്തമായ അടിത്തറയുടെ തെളിവാണിതെന്നും മനു സക്സേന പറഞ്ഞു.

